
# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

മെയ്
2012




## പരിശുദ്ധ
## ബസേലിയോസ് പൗലോസ് പ്രഥമൻ
## കാതോലിക്ക ബാവ (മുറിമറ്റത്തിൽ ബാവ)

൯൯-ാം ഓർമ്മ (മെയ് 3)
പാമ്പാക്കുട ചെറിയ പള്ളി

# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



H.B. Marthoma V (1728-65) May -10
Marthoma Methran
Burial Tomb: St. Mary's Orthodox Church, Niranam



H.G. Yuhanon Mar Severius (1966-90) May - 16
Kochi Diocese
Burial Tomb: Sion Seminary, Koratty



H.B. Geevarghese Mar Dionysius III
(Punnathra) Malankara Metropolitan - May 19
Burial Tomb: St. Mary's Cheriyapally, Kottayam



H.G. Yuayakkim Mar Ivanios (1913-25) - June 6
Kandanad diocese
Burial Tomb: St. Peter's & St. Paul's Church, Parumala

# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

■ വാല്യം : 13
■ ലക്കം : 5
■ മെയ് 2012





മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് – 682 308
pradeepthi2002@gmail.com


## ദളങ്ങളിൽ


**2** പത്രാധിപക്കുറിപ്പ്
**സഹിഷ്ണുത**

**3** ഇടയലേഖനം
**പൗരസ്ത്യ സഭയിലെ ശെമ്മാശിനികൾ ഒരു ചരിത്രാവലോകനം**
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**5** പിതാക്കന്മാർ
**മലങ്കരയുടെ ഒന്നാം കാതോലിക്ക വാർദ്ധക്യത്തിലും ഫലം കായിച്ച നീതിവൃക്ഷം**
ഫാ. ഡോ. ജേക്കബ് കുര്യൻ

**9** കൂദാശകൾ
**വി. മാമോദീസാ സുറിയാനി പാരമ്പര്യത്തിൽ – 4**
ഫാ. ഡോ. ബി. വറുഗീസ്

**12** ചർച്ചാവേദി
**കാർമ്മികരോടും ശുശ്രൂഷകരോടും ഒരു അമ്മേനിയുടെ സംശയങ്ങൾ – 2**
പി. തോമസ് പിറവം

**14** **പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ 1976 – 1983**

**16** വനിതാവേദി
**പുതിയ ആകാശവും പുതിയ ഭൂമിയും**
നിസ്സി ജോൺസ് കോനാട്ട്

**18** അനുഷ്ഠാനങ്ങൾ
**അനുതാപം ഓർത്തഡോക്സ് വീക്ഷണത്തിൽ**
ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത

**20** **വാർത്തകൾ**






## പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. വർഗീസ് പി. വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ.പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരക്കുന്നത്ത്**

## ഉപദേശകസമിതി

**വെരി. റവ. ഫാ. പി.യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ**
**റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്**
**റവ. ഫാ. ഡോ. ജേക്കബ് കുര്യൻ**
**റവ. ഫാ. ഡോ. പി.റ്റി. ഏലിയാസ്**
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ**
**റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം**
**റവ. ഫാ. ജോൺ വർഗീസ്**
**ശ്രീ. ചെമ്മനം ചാക്കോ**
**ശ്രീ. വർഗീസ് കരിപ്പാട്**



ഒറ്റപ്രതി – 10 രൂപ
വാർഷിക – 100 രൂപ
10 വർഷം – 1000 രൂപ



# സഹിഷ്ണുത

ചലനാത്മകമായ ഒരനുസ്യൂത വികസന പ്രക്രിയയാണ് മനുഷ്യ ജീവിതമെന്ന് വിശേഷിപ്പിക്കാം. ഈ വികസന പ്രക്രിയയിൽ മൃഗമനുഷ്യന്റെ തലത്തിൽ നിന്നും വിവേകമതിയായ ബുദ്ധിമനുഷ്യനിലേക്കുള്ള പ്രയാണത്തിനിടയിലാരംഭിച്ചതാവാം ഇന്നത്തെ മനുഷ്യ സമൂഹ ജീവിതം. സമൂഹജീവിതത്തിന്റെ വിജയത്തിനായി മനുഷ്യൻ കണ്ടെത്തിയ മൂല്യങ്ങളിലൊന്നാണ് സഹിഷ്ണുത. നമ്മുടെ താല്പര്യങ്ങൾക്കും, അഭിരുചികൾക്കും ഇണങ്ങാത്ത സാഹചര്യങ്ങളെയും അനിവാര്യതകളെയും എതിർപ്പുകൂടാതെ വീക്ഷിക്കുവാനും അവയോട് പൊരുത്തം പ്രാപിക്കാനുമുള്ള മനുഷ്യന്റെ ആദമ്യമായ അഭിലാഷമാണ് സഹിഷ്ണുതയായി പൊതുവെ കണക്കാക്കുന്നത്. ഇതിന് ആധാരമായിട്ടുള്ള പല ഘടകങ്ങളുമുണ്ട്. മതം, രാഷ്ട്രീയം, സാഹിത്യം, ഭൗതികശാസ്ത്രം, നാട്ടറിവ്, കല, വിദ്യാഭ്യാസം, ദർശനം എന്നിവയെല്ലാം സഹിഷ്ണുത വളരുന്നതിനുള്ള മേഖലകളാണ്.

എന്നാൽ മനുഷ്യനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിരിക്കുന്ന ഘടകങ്ങളിൽ പ്രധാനമായത് മതമാണ്. ഈശ്വര സാക്ഷാത്കാരത്തിനുള്ള എളുപ്പ മാർഗ്ഗമെന്ന നിലയിൽ വലിയൊരു പ്രാമുഖ്യവും മതത്തിന് അവകാശപ്പെടാം. പക്ഷേ രാഷ്ട്രീയവൽക്കരിക്കപ്പെട്ട മതവും വർഗ്ഗീയവൽക്കരിക്കപ്പെട്ട രാഷ്ട്രീയവും ചേർന്ന് സമൂഹത്തിന്റെ സഹിഷ്ണുതയും സൗഹാർദ്ദവും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മതത്തെക്കുറിച്ചുള്ള അല്പബോധവും ഈശ്വര സങ്കൽപ്പത്തിൽ അതിക്രമിച്ചുകടക്കുന്ന ഭൗതീകതയുടെ സ്വാധീനവും വ്യക്തിതാല്പര്യങ്ങളും മതവൈരം വളർത്തി സഹിഷ്ണുതയില്ലാതാക്കിതീർക്കുന്ന കാലഘട്ടത്തിലൂടെയാണ് നാമിന്ന് പ്രയാണം ചെയ്യുന്നത്.

സാക്ഷാൽ സത്യാന്വേഷിയായ ഒരു മത വിശ്വാസിക്ക് എങ്ങിനെ മറ്റു മതവിശ്വാസികളെ തള്ളിപ്പറയുവാനും ആക്ഷേപിക്കുവാനും ഉപദ്രവിക്കുവാനും കഴിയുന്നത്? ഈ സാഹചര്യത്തിൽ ക്രിസ്തുവിന്റ അനുയായികളുടെ പ്രതികരണം എങ്ങിനെയായിരിക്കണം ? നാസി ഭരണകാലത്ത് രക്തസാക്ഷിയായിത്തീർന്ന ഡിട്രിച്ച് ബോൺഹോഫറുടെ അഭിപ്രായത്തിൽ, ബഹുമത സംവിധാനത്തിൽ ക്രിസ്തീയതയേപ്പറ്റിയുള്ള നമ്മുടെ ഭാഷ മതേതരമായിരിക്കണം എന്നാണ്. അതായത് ക്രിസ്തീയ കാഴ്ചപ്പാടുകളെ സഹിഷ്ണുതയുടെ പശ്ചാത്തലത്തിൽ വിശദീകരിക്കയും, ശരിയായരീതിയിൽ അവതരിപ്പിച്ച് സ്വാതന്ത്ര്യത്തിനും നീതിയ്ക്കും സമാധാനത്തിനുമായി പ്രവർത്തിക്കുന്ന എല്ലാ മനുഷ്യരുമായി സഹകരിക്കുകയുമാണ് ക്രൈസ്തവ ധർമ്മം. മതമൗലികവാദികൾക്കെതിരെ, സത്യം, ധർമ്മം, നീതി, സമഭാവന, അഹിംസ, മൈത്രി തുടങ്ങിയ സാർവ്വത്രിക മൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് നിരന്തരം പ്രവർത്തിക്കുക. വിശുദ്ധ പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ, യഹൂദനെന്നോ, വിജാതീയനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ വ്യത്യാസം കൂടാതെ എല്ലാ മനുഷ്യരും ഒരേ പിതാവിന്റെ മക്കളാണ് എന്ന സാർവ്വത്രിക ചിന്തയാണ് ക്രിസ്തീയ സഹിഷ്ണുതയുടെ അടിസ്ഥാനം. ജാതിയുടെയും ഭാഷയുടെയും രാഷ്ട്രീയത്തിന്റെയും അതിരുകൾക്കപ്പുറത്ത് എല്ലാവരും ദൈവത്തിൽ ഒന്നാണ് എന്ന ദർശനമാണ് നമ്മെ നയിക്കേണ്ടത്.

അഹിംസയാണ് ഒരു ഭാരതീയന്റെ സവിശേഷമുഖമുദ്ര. സ്വാമി വിവേകാനന്ദൻ അഹിംസയ്ക്ക് ധർമ്മമെന്ന അർത്ഥം നല്കിയിട്ടുണ്ട്. ഭാരതീയ സംസ്കാരത്തിൽ മതത്തിനെ ധർമ്മമെന്നാണ് വിളിക്കുന്നത്. അപ്പോൾ മതമെന്നാൽ അഹിംസയെന്ന് നിർവചിക്കാം. അതിന് സഹിഷ്ണുത അത്യാന്താപേക്ഷിതവുമാണ്. സഹിഷ്ണുത ഇല്ലെങ്കിൽ അഹിംസയില്ല. അഹിംസ ഇല്ലെങ്കിൽ യഥാർത്ഥ മതാനുഭവം ഉണ്ടാവുകയില്ല. പിന്നീടുള്ളതെല്ലാം മൃഗമനുഷ്യന്റെ തരം താഴ്ന്ന നശീകരണ പ്രവർത്തനങ്ങൾ മാത്രം.....

പൂവത്തുങ്കലച്ചൻ

❒

# പൗരസ്ത്യ സഭയിലെ ശെമ്മാശിനികൾ ഒരു ചരിത്രാവലോകനം - 1

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

ആദിമസഭയിൽ ചില പ്രത്യേക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഔദ്യോഗികമായി ചുമതലപ്പെടുത്തിയിരുന്ന സ്ത്രീകൾക്ക് ശെമ്മാശിനികൾ (deaconesses) എന്ന പദവി ഉണ്ടായിരുന്നു. ഇപ്രകാരമുള്ള സ്ഥാനപദവികളില്ലെങ്കിൽപോലും പുതിയ നിയമകാലത്തു തന്നെ ഈ ശുശ്രൂഷാ വിഭാഗം നിലനിന്നിരുന്നതായി കാണുന്നു.

**1. പുതിയ നിയമത്തിൽ**

തങ്ങളുടെ വസ്തുവകകൊണ്ട് യേശുവിനെയും ശിഷ്യന്മാരെയും ശുശ്രൂഷിച്ചുവന്നിരുന്ന മഗ്ദലനമറിയയും യോഹന്നയും ശൂശന്നയും തുടങ്ങി ക്രിസ്തുവിനാൽ രോഗ സൗഖ്യം പ്രാപിച്ചവരും അല്ലാത്തവരുമായ സ്ത്രീകൾ അവരോടൊപ്പം ഉണ്ടായിരുന്നു. (ലൂക്കോ. 8.2-3) എന്നാൽ ഇവർ ശെമ്മാശിനികൾ എന്ന പദവിയിൽ അറിയപ്പെട്ടിരുന്നില്ല. പൗലൂസ് ശ്ലീഹായ്ക്കും മറ്റനേകർക്കും സഹായി ആയി പ്രവർത്തിച്ചിട്ടുള്ള കെംക്രെയ സഭയിലെ ശുശ്രൂഷക്കാരിയായിരുന്ന ഫേബയെ വിശുദ്ധന്മാർക്ക് (ക്രിസ്ത്യാനികൾക്ക്) യോഗ്യമാംവണ്ണം സ്വീകരിക്കുവാൻ പൗലൂസ് ശ്ലീഹാ റോമിലെ ക്രിസ്ത്യാനികളോട് ആവശ്യപ്പെടുന്നു. (റോമ. 16.1-2) കെംക്രെയ പുരാതന കൊരിന്തു പട്ടണത്തിന്റെ കിഴക്കുഭാഗത്തുള്ള തുറമുഖപട്ടണമായിരുന്നതിനാൽ ഏഷ്യയിൽ നിന്നും സിറിയയിൽ നിന്നും അവിടെ വന്നിറങ്ങുന്ന അനേകം ക്രിസ്തീയ സഹോദരങ്ങൾക്കും ആവശ്യമായ പരിചരണവും ഫേബ നല്കിയിരുന്നുവെങ്കിലും ശുശ്രൂഷക്കാരി എന്ന ഒരു പദവിയിൽ ഉൾപ്പെട്ടിരുന്നവളായി ഇത് വ്യക്തമാക്കുന്നില്ല. പ്രത്യേകമായ ഒരു സ്ഥാനമെന്നതിനേക്കാൾ ക്രിസ്തീയ സ്ത്രീകൾ ഘനശാലികളും ഏഷണി പറയാത്ത നിർമ്മദമാരായി മാതൃകയുള്ളവരാകണമെന്നാണ് 1 തിമോ. 3.11 ൽ പൗലൂസ് ശ്ലീഹാ പറയുന്നത്. എന്നാൽ 1 തിമോ. 3.9-10 ൽ പക്വതയും പരിപാകതയുമുള്ള (അറുപത് വയസ്സിനു മുകളിലുള്ള) സഭയിലെ ശുശ്രൂഷകൾക്കായി വിധവകളെ തെരഞ്ഞെടുക്കുവാൻ പൗലൂസ് ശ്ലീഹാ നിർദ്ദേശിക്കുന്നുണ്ട്. എങ്കിലും ഇത് ഒരു പൗരോഹിത്യ സ്ഥാനമായി (കൈവയ്പുമൂലം) വ്യക്തമാക്കുന്നില്ല.

ചുരുക്കത്തിൽ അപ്പോസ്തോലിക കാലത്ത് ശെമ്മാശിനികൾ എന്ന പൗരോഹിത്യ സ്ഥാനം ഉണ്ടായിരുന്നതായി വ്യക്തമല്ല. എന്നാൽ നാലം നൂറ്റാണ്ടോടുകൂടി സ്പഷ്ടമായി നിലവിൽ വന്ന ഈ പൗരോഹിത്യ സ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന പല പ്രത്യേക ധർമ്മങ്ങളും നിർവ്വഹിച്ചിരുന്ന തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾ അന്നു മുതലേ ഉണ്ടായിരുന്നതായി പുതിയ നിയമം സാക്ഷിക്കുന്നു.

**2. രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ**

ബിഥുന്യയിലെ ഗവർണറായിരുന്ന പ്ലിനി (ജൂനിയർ) എ.ഡി. 113-ൽ ട്രോജൻ ചക്രവർത്തിക്ക് അയച്ചകത്തിൽ അവിടത്തെ സഭയിലെ ശുശ്രൂഷക്കാരികളായ രണ്ട് ദാസിമാരെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അത് ഒരു പൗരോഹിത്യസ്ഥാനമായി കണക്കാക്കേണ്ടതില്ല. എങ്കിലും തദനുസൃതമായ ചുമതലകൾ അവർ നിർവ്വഹിച്ചിരുന്നുവെന്ന് അനുമാനിക്കാം. അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് സ്മിർണ്ണായക്കെഴുതിയ ലേഖനത്തിൽ വൃദ്ധകളായ കന്യകമാരെ വന്ദനം ചെയ്യുന്നുണ്ട്. ആയതിനാൽ ഇവർക്ക് ഒരു പ്രത്യേക സ്ഥാനം സഭയിൽ അന്ന് ഉണ്ടായിരുന്നതായി കാണുന്നുവെങ്കിലും പൗരോഹിത്യ സ്ഥാനികളായ എപ്പിസ്കോപ്പാ, മൂപ്പന്മാർ, ശുശ്രൂഷക്കാർ എന്നിവരെ വന്ദനം ചെയ്യുന്ന കൂട്ടത്തിൽ ശുശ്രൂഷക്കാരികളെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇക്കാലത്ത് സഭയിൽ ഇത് ഒരു പൗരോഹിത്യ സ്ഥാനമായി വന്നിട്ടില്ലായെന്നു മനസ്സിലാക്കാം. തെർത്തുല്യന്റെ കാലത്തും (155-250 എ.ഡി.) ഈ സ്ഥിതി തുടർന്നിരുന്നു. ഹിപ്പോളിറ്റസിന്റേതെന്നു കരുതപ്പെടുന്ന അപ്പോസ്തോലിക പാരമ്പര്യ (215-220) ത്തിൽ

വൃദ്ധസ്ത്രീകളെ പ്രത്യേക ജോലികൾക്ക് നിയമിച്ചിരുന്നതായി പറയുന്നുണ്ട്. ഈ കാലഘട്ടത്തിലും സഭയുടെ ക്രമീകരണത്തിൽ ശുശ്രൂഷക്കാരികൾ എന്നൊരു പൗരോഹിത്യസ്ഥാനം നിലനിന്നിരുന്നതായി കാണുന്നില്ല.

### 3. പൗരസ്ത്യ സഭകളിൽ

#### a) ഗ്രീക്കു പാരമ്പര്യത്തിൽ

മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട "അപ്പോസ്തോലന്മാരുടെ പഠിപ്പിക്കൽ" (Didascalia) എന്ന പ്രമാണ ഗ്രന്ഥത്തിൽ ആദ്യമായി വിധവകൾ, കന്യകമാർ, വൃദ്ധകൾ എന്നിവരിൽ നിന്നു വ്യത്യസ്ഥമായി ശുശ്രൂഷകന്മാരോടൊപ്പം ശുശ്രൂഷക്കാരികൾ എന്ന സ്ഥാനം സഭയിൽ നിലനിൽക്കുന്നതായി കാണുന്നു. ഇവർ ചില പ്രത്യേക ജോലികൾക്കായി നിയമിക്കപ്പെട്ടവരാണെങ്കിലും ഒരു കൈവയ്പ് കൊടുക്കുന്നതായി കാണുന്നില്ല. ഇവരുടെ പ്രധാന ചുമതല പുറജാതികളുടെ ഭവനങ്ങളിൽ വസിക്കുന്ന ക്രിസ്ത്യാനി സ്ത്രീകളെ സന്ദർശിക്കുകയെന്നതും രോഗികളെ സന്ദർശിക്കുകയെന്നതും ആയിരുന്നു. കൂടാതെ മാമ്മോദീസ്സാ നടത്തുവാൻ ഇവർക്ക് അധികാരം ഇല്ലായിരുന്നെങ്കിലും ഒരു എപ്പിസ്കോപ്പായോ കശീശ്ശായോ ശെമ്മാശനോ മാമ്മോദീസ്സാ നടത്തിയശേഷം മൂറോൻ അഭിഷേകത്തിന്റെ സമയത്ത് കാർമ്മികൻ സ്ത്രീകളുടെ തലയിൽ കൈവച്ച് മൂറോൻ ഒഴിക്കുകയും ശുശ്രൂഷക്കാരി തുടർന്ന് മൂറോൻ സ്ത്രീയുടെ ശരീരം മുഴുവൻ പുശൂകയും ചെയ്യുന്നു. ആരാധനയിലുള്ള ഇവരുടെ കാർമ്മികഭാഗ ഭാഗിത്വം ഇതു മാത്രമായിരുന്നു. ശുശ്രൂഷകർക്ക് തുല്യമായല്ലായെങ്കിലും അവരുടെ സഹായികളായി പ്രവർത്തിച്ചിരുന്നു. റോമ സാമ്രാജ്യത്തിന്റെ പൗരസ്ത്യ പ്രദേശങ്ങളായിരുന്ന എഡേസ്സായുടെ ചുറ്റും നിലവിലിരുന്ന സഭകളിലെ രീതിയാണ് മുകളിൽ കണ്ടത്.

വി. കുർബ്ബാനയിൽ പൗരോഹിത്യസ്ഥാനികൾക്കും പുരുഷന്മാർക്കും ശേഷം സ്ത്രീകളുടെ കൂട്ടത്തിൽ ആദ്യമായി ഇവർ വി. കുർബ്ബാന അനുഭവിച്ചിരുന്നു. പെസഹാപ്പെരുന്നാളിൽ വൃദ്ധകളായ സ്ത്രീകൾ പള്ളിയിൽ വന്നില്ലായെങ്കിൽ അവർക്ക് വി.കുർബ്ബാന ശുശ്രൂഷക്കാരികളുടെ കയ്യിൽ കൊടുത്തുവിട്ടിരുന്നു. ഇവരെ ഈ സ്ഥാനത്ത് നിയമിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന മറ്റുള്ളവരുടേതുപോലെ പട്ടാഭിഷേക പ്രാർത്ഥനയല്ല പ്രത്യേക സ്ഥാനാരോഹണ പ്രാർത്ഥനയാണ്.

#### b) കൽദായ, പേർഷ്യൻ പാരമ്പര്യത്തിൽ

റോമ സാമ്രാജ്യത്തിന് വെളിയിലായിരുന്ന ഈ പ്രദേശത്തെ സഭകളിൽ ഗ്രീക്കു സ്വാധീനം വളരെ കുറവായിരുന്നു. അഞ്ചാം നൂറ്റാണ്ടിലെ സിറിയൻ ഓർത്തഡോക്സ് സഭാ ചട്ടങ്ങളുടെ ഒരു കയ്യെഴുത്ത്പ്രതിയിൽ മറ്റെല്ലാ പൗരോഹിത്യസ്ഥാനികൾക്കുമെന്നപോലെ ശെമ്മാശിനികൾക്കും തലയിൽ കൈവച്ചുള്ള പ്രാർത്ഥന കാണുന്നു. എന്നാൽ ഈ പ്രാർത്ഥനയിൽ പട്ടാഭിഷേകത്തിന്റേതായ പ്രാർത്ഥനകളല്ല; പ്രത്യുത പ്രത്യേകമായ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുള്ള പ്രാർത്ഥനമാത്രമേയുള്ളു. ഇവിടെയും അവരുടെ ജോലികൾ മുമ്പു സൂചിപ്പിച്ചവയാണെങ്കിലും അവരെ നിയമിയ്ക്കുന്ന സമയം തലയിൽ കൈവച്ചുള്ള ഒരു പ്രാർത്ഥനയുണ്ട് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ഈശോയാഹ്ബ് മൂന്നാമൻ കാതോലിക്ക എ.ഡി.580-596 മാമ്മോദീസ്സാ ക്രമത്തിന്റെ വിശദീകരണത്തിൽ സ്ത്രീകളെ മാമോദീസ്സാ മുക്കുമ്പോൾ കാർമ്മികൻ അവരുടെ തലയിൽ എണ്ണ ഒഴിക്കുക, പുതിയ പേരു നല്കുക, കിരീടം അണിയിക്കുക എന്നിവ ചെയ്യുകയും, ശെമ്മാശിനി സ്നാനാർത്ഥിയെ വെള്ളത്തിൽ മൂന്നുപ്രാവശ്യം മുക്കുകയും, എണ്ണ പൂശുകയും പുതുവസ്ത്രങ്ങളണിയിക്കുകയും മറ്റും ചെയ്യുന്നു. എന്നാൽ ശെമ്മാശിനി ഇല്ലാതെ വന്നാൽ ഒരു സന്യാസിനി (ബസ്ക്യോമാ) ഇവ ചെയ്താൽ മതിയെന്നു പറയുമ്പോൾ പൗരോഹിത്യ സ്ഥാനത്തല്ല ശെമ്മാശിനി എന്ന് വ്യക്തമാകുന്നു. മൈഫെർക്കാത്തിലെ മാറുസ്സായുടെ 410 ലെ സുന്നഹദോസിൽ എല്ലാ ഗ്രാമങ്ങളിലെയും പള്ളികളിൽ കുറഞ്ഞത് ഒരു ശെമ്മാശിനിയെങ്കിലും മാമോദീസ്സാ ശുശ്രൂഷയിൽ സഹായിക്കുന്നതിനായി ഉണ്ടായിരിയ്ക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ജോർജ്ജ് ഒന്നാമൻ പാത്രിയർക്കീസിന്റെ കാലത്ത് (676) ഇവർ ആരാധനകളിൽ സങ്കീർത്തനഭാഗങ്ങൾ വായിക്കുന്നതിലും പ്രായമുള്ള സ്ത്രീകൾ മാമോദീസ്സാ ഏൽക്കുമ്പോൾ സഹായിക്കുന്നതിനും ഉള്ള സ്ഥാനികളായി അറിയപ്പെടുന്നു. പ്രായമുള്ളവരുടെ മാമോദീസ്സായുടെ എണ്ണം കുറഞ്ഞതോടുകൂടി ഇവരുടെ സ്ഥാനത്തിന്റെ ആവശ്യകതയും കുറഞ്ഞുവെന്ന് അനുമാനിക്കാം.

(തുടരും.....)

❐

# മലങ്കരയുടെ ഒന്നാം കാതോലിക്ക വാർദ്ധക്യത്തിലും ഫലം കായിച്ച നീതിവൃക്ഷം

ഫാ. ഡോ. ജേക്കബ് കുര്യൻ

(2012 മെയ് 2 ന് പാമ്പാക്കുട ചെറിയപള്ളിയിൽ
പ.ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ 99-ാം ഓർമ്മപ്പെരുന്നാളിന്,
വൈദിക സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യൻ ചെയ്ത അനുസ്മരണ പ്രസംഗം)

*"യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും, വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും. അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കും". (സങ്കീ. 92:13, 14)*

മലങ്കരയുടെ ഒന്നാം കാതോലിക്ക പ. ബസ്സേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ഓർമ്മ ഒരു മഹാത്യാഗത്തിന്റെയും ഒരു ചരിത്ര നിയോഗത്തിന്റെയും അനുസ്മരണമാണ്. വി. കന്യകമറിയം ദൈവപുത്രന്റെ മാതാവാകാൻ ഒരർത്ഥത്തിൽ ജീവൻ പണയം വച്ച് ദൈവദൂതനോട് പറഞ്ഞു "നിന്റെ വചനം പോലെ എനിക്കു ഭവിക്കട്ടെ" എന്ന്. മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് തിരുമേനി മലങ്കരയുടെ കാതോലിക്കായാവാൻ നിയോഗം ലഭിച്ചപ്പോൾ ഓരർത്ഥത്തിൽ ജീവൻ പണയം വച്ച് പറഞ്ഞു, "ദൈവഹിതം പോലെ ആകട്ടെ" എന്ന്. മലങ്കരയിൽ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹികവും പൗരോഹിത്യപരവുമായ പാരമ്പര്യത്തെ, സഭാപരമായി സ്വതന്ത്ര്യവും സ്വയശീർഷകവുമായി ആകമാനസഭാവ്യവസ്ഥയോട് യോജിപ്പിച്ച ചരിത്രനിയോഗത്തിന് ദൈവം എടുത്തുപയോഗിച്ചത് മുറിമറ്റത്തിൽ തിരുമേനിയുടെ വൃദ്ധതയെ, ***അധിക്ഷേപിക്കപ്പെട്ട*** വൃദ്ധതയെയാണ്.

കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി മുപ്പത്തിനാലു വർഷം സ്തുത്യർഹമായി ഭരിച്ച വന്ദ്യവയോധികനായ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനെ, ഇവിടെയെത്തി താമസിച്ച് ഈ സഭയെ ഭിന്നിപ്പിച്ച അന്ത്യോഖ്യ പാത്രിയർക്കീസ് അബ്ദുള്ള ദ്വിതീയൻ 1911 ൽ ഇപ്രകാരം അധിക്ഷേപിച്ചു. "നീ മഹാവൃദ്ധതയിൽ അകപ്പെടുകയും നിന്റെ ചെവികൾക്ക് കേൾവിക്കുറവു ഭവിക്കുകയും മറ്റും ചെയ്തതുകൊണ്ട്" ഭരണത്തിൽ നിന്ന് വിടർത്തുന്നു എന്ന്. ഈ അധിക്ഷേപത്തിനു പിന്നിൽ അധികാരത്തിന്റെ ഔദ്ധത്യവും പ്രതികാരദാഹവും ആയിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. പക്ഷെ ഇതേ അവസ്ഥയിൽ ദൈവം തമ്പുരാന് ആ വൃദ്ധതയെ എടുത്തുപയോഗിക്കുവാൻ ആവശ്യമുണ്ടായിരുന്നു. 1912ൽ മലങ്കരയിൽ പ്രഥമ കാതോലിക്കാ ആകുവാൻ അദ്ദേഹം നിയോഗിക്കപ്പെട്ടപ്പോൾ, സങ്കീർത്തനക്കാരന്റെ വചനം സാർത്ഥകമായി:

*"യഹോവയുടെ ആലയത്തിൽ നടുതലയായവർ*
*നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ*
*തഴെക്കും, വാർദ്ധക്യത്തിലും അവർ ഫലം*
*കായിച്ചുകൊണ്ടിരിക്കും.*
*അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കും".*

പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ജീവിതകഥയെ ഒറ്റവാകൃത്തിൽ വിശേഷിപ്പിച്ചാൽ അത്, "വാർധകൃത്തിലും ഫലം കായിച്ച നീതിവൃക്ഷം" എന്നാണ്. അതുകൊണ്ട് ***യഹോവയുടെ ആലയത്തിൽ നടുതലയാകുന്ന*** അനുഭവത്തെക്കുറിച്ചും, ***ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കുന്ന*** ഭാഗ്യത്തെക്കുറിച്ചും, പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ജീവിതത്തെ കേന്ദ്രീകരിച്ച് അല്പം ചിന്തിക്കാം.

1. **യഹോവയുടെ ആലയത്തിൽ നടുതലയാകുന്ന അനുഭവം.**

1836 ജനുവരി 19 ന് (1011 മകരം 6) കോലഞ്ചേരി ഇളംകുളം കരയിൽ മുറിമറ്റത്തിൽ കുര്യന്റെയും മറിയത്തിന്റെയും മൂന്നാമത്തെ മകനായി പിറന്ന പൗലൂസിന്, ദൈവാലയത്തിൽ നട്ടുവളർത്തപ്പെട്ടത് എന്ന് വ്യക്തമാക്കുന്ന ജീവിതാനുഭവങ്ങളാണുണ്ടായത്. പിതൃസഹോദരനായ യൗസേഫ് കത്തനാരോടുകൂടെ കോട്ടൂർ പള്ളിപ്പരിസരത്ത് സ്വകുടുംബം താമസമായതും, എഴാം മാർത്തോമ്മായുടെ കബറിടവും ധന്യസ്മരണയും ഉള്ള കോലഞ്ചേരി പള്ളിയുമായുള്ള കുടുംബബന്ധവും, ഏഴാം വയസ്സിൽ ശെമ്മാശനാകാൻ ഇടയായതും, കോനാട്ട് യോഹന്നാൻ മല്പാന്റെ ശിഷ്യത്വത്തിൽ വളർന്നതും, പതിനാറാമത്തെ വയസ്സിൽ വൈദികനായതും, കോട്ടൂർ പള്ളിയിലെ വൈദിക ശുശ്രൂഷയും, സുറിയാനി പാണ്ഡിതനായ യുയാക്കീം മാർ കൂറിലോസിന്റെയടുക്കലെ പഠനവും, പിന്നീട് ശെമ്മാശ്ശന്മാർക്ക് മല്പാനായി മാറിയതും ഒക്കെ യഹോവയുടെ ആലയത്തിലെ നടുതലയായ അനുഭവങ്ങളായിരുന്നു. അതുകൊണ്ട് അഗാധമായ ദൈവഭക്തി, അചഞ്ചലമായ വ്രതനിഷ്ഠ, അന്യാദൃശമായ നീതിബോധം, അസാമാന്യമായ ധൈര്യം, അപാരമായ ദീനാനുകമ്പ എന്നിവ അദ്ദേഹത്തിന്റെ മുഖമുദ്രകളായിരുന്നു.

ഭാരതപാരമ്പര്യത്തിലെ ദേവഗണത്തിൽ ശ്രദ്ധേയനാണ് "വരുണൻ". മഹായോഗിയും പ്രപഞ്ച ഋതത്തിന്റെ സംരക്ഷകനും ആയ വരുണന്റെ പ്രത്യേകത, വരുണനെ ആർക്കും കബളിപ്പിക്കുവാൻ സാധ്യമല്ല എന്നതാണ്. വരുണൻ ആരെയും വേദനിപ്പിക്കുവാൻ ശ്രമിക്കില്ല. പക്ഷേ, വരുണനെ വേദനിപ്പിച്ചാൽ വേദനിപ്പിക്കുന്നവർ വേദന സ്വയം അറിയും. ഏതാണ്ടിതുപോലെ ഒരു വ്യക്തിത്വവിശേഷം മുറിമറ്റത്തിൽ ബാവായുടെ ജീവിതകഥയിൽ പലരും ദർശിച്ചിട്ടുണ്ട്. വിശുദ്ധി നിറഞ്ഞ്, ദൈവാലയത്തിൽ നട്ടുവളർത്തപ്പെട്ട നടുതല വെട്ടാൻ ആരെങ്കിലും ഒരുങ്ങിയാൽ നടുവിനുവെട്ടുകൊണ്ടുപോകുന്നു എന്നത് നടുതലയുടെ കോപം അല്ല, നടുതലയുടെ "ചട്ടം" മാത്രമാണ്. പഴയതലമുറയിലെ പലരും അതുകൊണ്ട് പറഞ്ഞു ഭയപ്പെട്ടിരുന്നു ഒരു വിശേഷണമായിരുന്നു, "മുറിമറ്റത്തിന്റെ ചട്ടം" എന്നത്.

ഒരു വൈദികനായിട്ട് കോട്ടൂർ പള്ളി വികാരി സ്ഥാനം വഹിച്ചപ്പോൾ, അന്ന് ചട്ടമില്ലാത്ത എന്നു പറഞ്ഞാൽ അരാജകത്വത്തിന്റെ ഒരവസ്ഥയിൽ നിന്ന് ചട്ടമുള്ള അവസ്ഥയിലേക്കുള്ള മാറ്റങ്ങളുടെ കാലമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ മലങ്കരപള്ളി ഇടവകകളുടെ പൊതുവായ സ്ഥിതി വളരെ ദയനീയമായിരുന്നു. പല പള്ളികളിലും ഇടവകപ്പട്ടക്കാരായ വികാരിമാരും മാറാകൈസ്ഥാനികളും ചേർന്ന് നടത്തിയിരുന്ന പള്ളിക്കാര്യവിചാരം അത്രയൊന്നും ശുദ്ധമല്ലായിരുന്നു. ശുദ്ധിയില്ലാത്ത ആചാരങ്ങളും, ചാരായ നേർച്ചയും, കോഴിവെട്ടും, ശുദ്ധമല്ലാത്ത പണമിടപാടുകളും, അധാർമ്മികതയ്ക്ക് ഒത്താശ ചെയ്ത നാട്ടുനടപ്പുകളും ഏതാണ്ട് സാധാരണമായിരുന്നു. ഇതിനെതിരെ നിലപാടെടുക്കാൻ ധൈര്യമുള്ള വൈദികർ ചുരുക്കമായിരുന്നു. ഇക്കാലത്ത് മുറിമറ്റത്തിൽ കത്തനാരച്ചൻ വ്യത്യസ്തനായി നിലകൊണ്ടു, നിലപാടെടുത്തു. കയ്യൂക്കിന്റെയും കരപ്രമാണിത്തത്തിന്റെയും പേരിൽ സ്വത്തു സമ്പാദിച്ചുകൊണ്ടിരുന്ന പലരുടെയും കണ്ണിൽ കരടായിട്ടാണെങ്കിലും മുറിമറ്റത്തിന്റെ ചട്ടം അവസാന വിജയം നേടി. കോടതിവിധിയെപ്പോലും അത് മാറ്റി എഴുതിച്ചു.

ആംഗ്ലിക്കൻ മിഷണറിമാരുടെയും നവീകരണാനുഭാവികളുടെയും നേതൃത്വത്തിൽ കോട്ടയത്തും കോട്ടയത്തിനുതെക്കും വ്യക്തമായ നവീകരണ കൊടുങ്കാറ്റടിച്ചപ്പോൾ, വടക്കൻ പ്രദേശത്ത് സഭാവിശ്വാസം മഹാമേരുപോലെ നിന്നത് മുറിമറ്റത്തിലച്ചനെപ്പോലെയുള്ള വിശ്വാസധീരന്മാരിലൂടെയാണ്.

1877 മെയ് 17 ന് (1052 ഇടവം 5) കുന്നംകുളം ചിറളയം പള്ളിയിൽ വച്ച്, പത്രോസ് തൃതീയനാൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടപ്പോൾ, ഒരു ഭദ്രാസനത്തിനു മുഴുവൻ അദ്ദേഹം നടുതലയായി മാറി. പൗലൂസ് മാർ ഈവാനിയോസ് കണ്ടനാടിന്റെ പ്രഥമ മെത്രാപ്പോലീത്തായായി സ്ഥാനം സ്വീകരിക്കുമ്പോൾ വീതം വച്ചുകിട്ടിയത് ഇരുപത്തൊന്നു പള്ളികളായിരുന്നു. മുപ്പത്തിനാലുവർഷം കണ്ടനാടിനെ കണ്ടറിഞ്ഞു നടത്തിക്കഴിഞ്ഞപ്പോൾ, പള്ളികളുടെ എണ്ണം വർദ്ധിച്ചു, പല പള്ളികളും പുതുക്കി. നൂറിലധികം വൈദികരെ പട്ടംകെട്ടി. മൂവാറ്റുപുഴ ടൗണിൽ ഹൃദയഭാഗത്ത് ഭദ്രാസനകേന്ദ്രത്തിനായി സ്ഥലം സമ്പാദിക്കുകയും, പിറവത്തും, ചാത്തമറ്റത്തും ഒക്കെ സഭയ്ക്ക് ഭൂമി നേടുകയും ചെയ്തു. കോലഞ്ചേരി, കിങ്ങിണിമറ്റം മുതലായ സ്ഥലങ്ങളിൽ പള്ളിക്കൂടങ്ങൾ ആരംഭിച്ചു. യഹോവയുടെ ആലയത്തിൽ നടുതലയാകുവാനുള്ള തന്റെ നിയോ

ഗത്തെ ഒരു സഭാദർശനത്തിന്റെ ഭാഗമായി രൂപപ്പെടുത്തിയെന്നതാണ് മുറിമറ്റത്തിൽ പിതാവിന്റെ വലിയ മഹിമ. മലങ്കരസഭയെ കേവലം ഒരു നൂറ്റാണ്ടുകൊണ്ട് അന്ത്യോഖ്യൻ കീഴിലാക്കിയ ദുര്യോഗം ആത്മാഭിമാനമുള്ള ആർക്കും താങ്ങുവാനാകുമായിരുന്നില്ല. ആത്മാഭിമാനവും, ദേശീയബോധവും ഉള്ള ഒരു സ്വതന്ത്രസഭയായിട്ടുള്ള പഴയ അന്തസ്സ് വീണ്ടെടുക്കാൻ ആകാതെ പലരും അന്ധമായ വിദേശ വിധേയത്വത്തിലേക്ക് പോയത് അദ്ദേഹത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നു. സ്വാഭാവിക നീതിപോലും മാനിക്കാതെ വട്ടശ്ശേരിൽ തിരുമേനിയെ അന്ത്യോഖ്യ പാത്രിയർക്കീസായ അബ്ദുള്ള ദ്വിതീയൻ മുടക്കിയപ്പോൾ, അദ്ദേഹത്തിലെ നീതിബോധം ഉണർന്നു. വിദേശസഭയുടെ വാലാകാൻ ഉള്ളതല്ല മലങ്കരയുടെ മാർത്തോമൻ ശ്ലൈഹിക, പൗരോഹിത്യ പൈതൃകം എന്ന സഭാദർശനം ഒരു രേഖയായി മാറാൻ പിന്നെ വൈകിയില്ല. അൾവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുമായി ചേർന്ന് 1911 മിഥുനമാസം 2-ാം തീയതി ഒരു കത്തെഴുതി. അത് ഒരു സഭാദർശന വിളംബരമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെ പാത്രിയർക്കീസ് മുടക്കിയത് നിയമവിരുദ്ധവും, സ്വാഭാവിക നീതിക്ക് നിരക്കാത്തതും ആണെന്ന് അവർ തുറന്നടിച്ചു. മലങ്കരയുടെ ലൗകികങ്ങളിൽ അന്ത്യോഖ്യ പാത്രിയർക്കീസിന് ഒരധികാരവുമില്ലെന്ന് റോയൽ കോടതി വിധിച്ചിട്ടുള്ളത് അവർ പാത്രിയർക്കീസിനെ ഓർമ്മിപ്പിച്ചു. ആ സംയുക്ത പ്രതിഷേധം, പാത്രിയർക്കീസിന്റെ അപ്രീതിയും, പ്രതീകാരവും പിടിച്ചുപറ്റി. അതിന്റെ പേരിലാണ് "വൃദ്ധത" അധിക്ഷേപിക്കപ്പെട്ടത്. പക്ഷെ ആ നിലപാടാണ്, സഭയുടെ നടുതലയായി അദ്ദേഹത്തെ മാറ്റിയത്; ദൈവത്തിന്റെ പ്രാകാരങ്ങളിൽ താഴെച്ചുവളർന്ന് ഫലം പുറപ്പെടുവിക്കാൻ ദൈവം അദ്ദേഹത്തെ ഉപയോഗിച്ചതും അതു മുഖേനയാണ്.

**2. ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കുന്ന ഭാഗ്യം**

ഒന്നാം കാതോലിക്കാബാവ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചത് എങ്ങനെ, എന്തുകൊണ്ട് എന്നീ രണ്ടു ചോദ്യങ്ങളാണ് നാമിവിടെ ചർച്ചചെയ്യുന്നത്.

മലങ്കരയിൽ നടന്ന കാതോലിക്കാ സ്ഥാപന ആവിഷ്ക്കാരം മുഖേനയാണ് മുറിമറ്റത്തിൽ ബാവാ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചത്. അത് ഒരർത്ഥത്തിൽ ഒരത്ഭുത സംഭവമായിരുന്നു. ഒരു വല്ലാത്ത ചരിത്ര പതനത്തിലായ മലങ്കരസഭയ്ക്ക് അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയായ ഒരു മഫ്രിയാനാസ്ഥാനം എങ്കിലും കിട്ടിയാൽ ഭാഗ്യമെന്ന് വിചാരിച്ച ഒരു കാലഘട്ടമുണ്ടായി. എന്തായിരുന്ന ആ ചരിത്ര പതനം? 1843 ൽ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനം പ്രാപിച്ചെത്തിയ മാത്യൂസ് മാർ അത്താനാസ്യോസാണ് മലങ്കരസഭാചരിത്രത്തിൽ മെത്രാൻസ്ഥാനപ്രാപ്തിക്ക് ഒരു പുതിയ കീഴ്വഴക്കം ഉണ്ടാക്കിയത്. അതുവരെ, മലങ്കരമെത്രാന്മാർക്ക് തന്നെ, അനന്തരഗാമികൾക്കും ആവശ്യമായ സാഹചര്യത്തിൽ മറ്റുള്ളവർക്കും മെത്രാൻസ്ഥാനം നല്കുവാൻ ഒരു അവകാശക്കുറവും ഇല്ലായിരുന്നു. ഈ സംഭവത്തോടെ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കക്ഷത്തിൽ മലങ്കരയുടെ മേല്പട്ടമൗലി അമർന്നുപോയി. മാത്യൂസ് അത്താനാസ്യോസിന്റെ മലങ്കര മെത്രാൻസ്ഥാനാസാധ്യതയെ ചോദ്യം ചെയ്യാൻ പാത്രിയർക്കീസിന്റെ തന്നെ സഹായം ആവശ്യമായതോടെ ഒരു പുതിയ കീഴ്വഴക്കം ആരംഭിച്ചു. മെത്രാൻ വാഴ്ചയും, മൂറോൻ കൂദാശയും പാത്രിയർക്കീസിൽ നിക്ഷിപ്തമായ അധികാരമായിത്തീർന്നു. നവീകരണ അപകടത്തിൽ നിന്ന് രക്ഷ നേടാൻ അന്ത്യോഖ്യൻ സഹായഹസ്തം സ്വീകരിച്ചത് ഒരു ധൃതരാഷ്ട്രാലിംഗനം പോലെയായി. ഈ ദുരവസ്ഥയിലും മലങ്കരസഭയെ ധീരമായി നയിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ ഒരു യുഗതേജസ്സായി തെളിഞ്ഞപ്പോൾ, അദ്ദേഹത്തിന് മെത്രാൻ വാഴ്ചയും മൂറോൻ കൂദാശയ്ക്കും ഉള്ള അധികാരത്തോടെ ഒരു മാന്യമായ സ്ഥാനം, അഥവാ മഫ്രിയാനാസ്ഥാനം പാത്രിയർക്കീസിന്റെ ഔദാര്യമായിട്ടു വാങ്ങിച്ചെടുക്കുവാൻ കോനാട്ടു മല്പാൻ മുതലായവർ ശ്രമിച്ചിട്ടും നടന്നില്ല. മധുരിച്ചിട്ട് തുപ്പാനും, കയ്ച്ചിട്ട് ഇറക്കാനും വയ്യാത്ത ഒരു അവസ്ഥ! അങ്ങനെയിരിക്കുമ്പോഴാണ്, "ഊർവ്വശീശാപം ഉപകാരം" ആയതുപോലെ കാര്യങ്ങൾ മാറിമറിഞ്ഞത്. അഥവ ദൈവംതമ്പുരാൻ മലങ്കരസഭയ്ക്കുവേണ്ടി ചരിത്രത്തിൽ ഇടപെട്ടത്. അബ്ദേദ് മിശിഹാ പാത്രിയർക്കീസിനെ സ്ഥാനഭ്രഷ്ടനാക്കി സ്ഥാനം നേടിയ അബ്ദുള്ള ദ്വിതീയൻ മലങ്കരയിലെത്തി മെത്രാന്മാരെ അടിമകളാക്കി. പള്ളികളിൽനിന്ന് ഉടമ്പടികൾ വാങ്ങിയും ഏകാധിപത്യം സ്ഥാപിച്ചുകൊണ്ടിരുന്നതിന്റെയും ക്ലൈമാക്സായിരുന്നു വട്ടശ്ശേരിൽ ഗീവർഗീസ് ദീവന്നാസ്യോസിന്റെ മുടക്ക്. തിരുവെഴുത്ത് നിവർത്തിയായി

ലോകരക്ഷ സാധ്യമാകാൻ രക്ഷകൻ കുരിശിൽ മരിക്കേണ്ടിവന്നതുപോലെ, മലങ്കരസഭയുടെ സ്വാതന്ത്ര്യസംരക്ഷണത്തിന് ആ മുടക്ക് ആവശ്യമായിരുന്നുവെന്ന് തോന്നിപ്പോയാലും തെറ്റില്ല. കാരണം, മറിച്ച് പാത്രിയർക്കീസ് ഔദാര്യമായി എന്ത് അനുവദിച്ചാലും അത് കീഴ്സ്ഥാനിയെന്ന ലേബലിലെ ആകുമായിരുന്നുള്ളു. അതു സംഭവിക്കാതെ, അബ്ദേദ് മിശിഹാ പാത്രിയർക്കീസ് ഇവിടെ വരാൻ ഇടയാവുകയും, യാതൊരു ഉപാധിയും ഇല്ലാതെ "ഇന്ത്യയിലെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലേക്ക്" "കാതോലിക്ക" അഥവാ "മഫ്രിയാന"യെ വാഴിക്കയുമാണുണ്ടായത്. പേർഷ്യയിലെ സ്ഥാനമെന്നോ, പാത്രിയർക്കീസിന്റെ കീഴിലെന്നോ ഒന്നും പറയാതെ, മലങ്കരയുടെ "തലവനും" "ഇടയനും" ആത്മീയപിതാവുമായി പ്രഖ്യാപിച്ചപ്പോൾ, ഒരു ചരിത്രസംഭവമായിത്തീർന്നു അത്. ആ ചരിത്ര സംഭവത്തിന്, പാത്രമായതോടെയാണ്, മുറിമറ്റത്തിൽ ബാവ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചതായി നമുക്ക് ബോദ്ധ്യപ്പെടുന്നത്.

മലങ്കരയിലെ കാതോലിക്കേറ്റ്, "സ്ഥാപനമോ" പുനഃസ്ഥാപനമോ എന്ന ചോദ്യം പലരും ചോദിക്കാറുണ്ട്. ഒരർത്ഥത്തിൽ "സ്ഥാപന"വും മറ്റൊരർത്ഥത്തിൽ "പുനഃസ്ഥാപന"വും ആണ്. പുരാതന മാർത്തോമ്മൻ ശ്ലൈഹിക പൗരോഹിത്യ മേലധ്യക്ഷസ്ഥാനത്തോടൊപ്പം, ആകമാന സഭയിൽ സ്വീകാര്യമായിരുന്ന ഒരു സ്വയം ശീർഷക സ്ഥാനനാമം അഥവ "കാതോലിക്ക" എന്ന സ്ഥനനാമം ആവിഷ്ക്കരിച്ചത് മലങ്കരയ്ക്കു മാത്രമായ ഒരു "സ്ഥാപന"മാണ്. പക്ഷെ, ആ സ്ഥാനനാമത്തിന്, മാർത്തോമ്മാശ്ലീഹായുടെ പേരിൽത്തന്നെ ആകമാന സഭയിൽ സ്വീകാര്യമായ ഒരു ചരിത്രം ഉണ്ടായിരിക്കയും, ആ സ്ഥാനനാമം ഇടക്കാലത്ത് ഉപയോഗിക്കാതിരിക്കയും ചെയ്ത സാഹചര്യത്തിൽ ആ സ്ഥാനനാമം പുനഃസ്ഥാപിച്ചത് "പുനഃസ്ഥാപന"വും കൂടിയാണ്; "പുനഃസ്ഥാപനം", പുതിയ അർത്ഥത്തോടെയാണെന്നു മാത്രം. പുതിയ അർത്ഥത്തിൽ "കീഴ്സ്ഥാനി" ചിന്തയ്ക്ക് യാതൊരു പ്രസക്തിയുമില്ല.

ഇനിയും, ബസേലിയോസ് പൗലൂസ് പ്രഥമൻ കാതോലിക്ക ഇത്തരത്തിൽ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചത് ***എന്തുകൊണ്ട്*** എന്ന് ചിന്തിക്കാം.

അദ്ദേഹത്തിന്റെ ദൈവഭക്തി ഒന്നുകൊണ്ടുമാത്രമാണ് ഈ ചരിത്രനിയോഗത്തിനും, പിൽക്കാല പുണ്യസ്മൃതിക്കും അദ്ദേഹം അർഹനായത്. ഒരൊറ്റകാര്യം മാത്രം ചരിത്രത്തിൽ നിന്ന് ഉദ്ധരിക്കാം. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് രാജകീയ വിളംബരത്തിന്റെ പിൻബലത്തിൽ മലങ്കരമെത്രാനായി വിരാജിക്കുമ്പോൾ, മറ്റു പലരുടെയും വിധേയത്വം തന്നോട് ആക്കിയെടുക്കുവാൻ എടുത്ത ഉപായങ്ങളൊന്നും മുറിമറ്റത്തിൽ തീരുമേനിയോട് പ്രയോഗിക്കുവാൻ ധൈര്യപ്പെട്ടില്ല. അദ്ദേഹം പറഞ്ഞതായ ഒരു വാചകം തലമുറയായി പറഞ്ഞുകൈമാറിയിട്ടുണ്ട്. "മുറിമറ്റത്തിന് മുകളിലേക്ക് ഒരു ചരടുണ്ട്. പൊട്ടിക്കുവാൻ നമുക്ക് സാധ്യമല്ല".

ഈ പിതാവിന്റെ ഓർമ്മയിൽ, അദ്ദേഹത്തിന്റെ പ്രധാന സന്ദേശമായി നമുക്കീ പദപ്രയോഗം എടുക്കാം. ***"മുകളിലേക്ക് ഒരു ചരട്"!*** ഈ ചരടിന്റെ ബലം അറിഞ്ഞവരും അവരുടെ പിന്തലമുറയും ആണ് ഈ കബറിങ്കൽ എത്തിക്കൊണ്ടിരിക്കുന്നത്. നമുക്ക് മുകളിലേക്ക് ഉള്ള ചരട് ബലഹീനമായി പോയാൽ താഴേക്കുള്ള ആകർഷണം കൂടും. താഴെക്കുള്ള ആകർഷണം കൂടുമ്പോൾ, അവകാശങ്ങളും അവകാശത്തർക്കങ്ങളും ഏറും. താഴെക്കുള്ള ആകർഷണം കൂടുമ്പോൾ, നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആഗ്രഹം പോലും കുറയും. അഥവാ പരിഹരിക്കാൻ ശ്രമിച്ചാലും, മാർഗ്ഗത്തിന്റെ മാന്യത കുറയും. മുകളിലേക്ക് ഉയരുവാനുള്ള ചരടിനുപകരം, താഴെക്കിടന്ന് കടിപിടി കൂടുവാനും വലിക്കുവാനുമുള്ള വടങ്ങൾ തേടുന്ന കാഴ്ചപ്പാട് നമുക്ക് മാറിയേ പറ്റൂ. തീവ്രവാദത്തിന്റെയും, ചാവേർ സംസ്കാരത്തിന്റെയും "സഭാസ്നേഹ"ചിന്തകൾക്ക് നഷ്ടപ്പെട്ടത്, "മുകളിലേക്കുള്ള ചരടാണ്".

മുറിമറ്റത്തിൽ ബാവ, നമ്മുടെ വ്യക്തിപരവും, കുടുംബപരവും, സഭാപരവുമായ ദുര്യോഗങ്ങളിൽ ഒരു സാന്ത്വനതലോടലായി നമുക്ക് അനുഭവപ്പെടട്ടെ. സഹനത്തിന്റെ പാതയിൽ, ഉൾബോധ്യങ്ങളുടെ ഉൾക്കനത്തോടെ അദ്ദേഹം സഭയെ നയിച്ചത് ***മുകളിലേക്കുള്ള ചരടിൽ*** തന്നെത്തന്നെ ഉറപ്പിച്ചുകൊണ്ടാണ്. അത് നമുക്ക് യാഥാർത്ഥ്യബോധത്തോടെയും, ക്രിസ്തീയ സാക്ഷ്യവെളിച്ചത്തോടെയും, തുടർന്നുള്ള ചുവടുകൾ വയ്ക്കുവാൻ മാതൃകയും പ്രചോദനവും ആകട്ടെ.

❐

# വി. മാമോദീസാ സുറിയാനി പാരമ്പര്യത്തിൽ-4

ഫാ. ഡോ. ബി. വറുഗീസ്

### 12. വെള്ളം വാഴ്ത്തുന്നത്

#### (a) പച്ചവെള്ളവും ചൂടുവെള്ളവും

നെറ്റിയിലുള്ള അഭിഷേകത്തെതുടർന്നു വെള്ളം വാഴ്‌വാണ്. വെള്ളം വാഴ്‌വിൽ പല ചടങ്ങുകളിൽ ആദ്യത്തേത് പച്ചവെള്ളവും ചൂടുവെള്ളവും കലർത്തുന്നതാണ്. വെള്ളം കലർത്തുമ്പോൾ ഈ പ്രാർത്ഥന ചൊല്ലുന്നു. “ദൈവമായ കർത്താവേ ഞങ്ങളുടെ ബലഹീനമായ മദ്ധ്യസ്ഥതയാൽ ഈ വെള്ളം ആത്മീയ ഉദരവും നാശമില്ലായ്മയെ വാർക്കുന്ന മൂശയും ആയിത്തീരത്തക്കവണ്ണം നിന്റെ വിശുദ്ധാത്മ ശക്തിയും വ്യാപാരവും ഇതിൽ കലർത്തണമെ. ഇതിൽ മാമോദീസാ മുങ്ങുന്ന നിന്റെ ദാസനു നിന്റെ തിരുവിഷ്ടത്താലും നിന്റെ ഏകപുത്രന്റെ മനുഷ്യസ്നേഹത്താലും നിന്റെ പരിശുദ്ധാത്മാവിന്റെ വ്യാപാരത്താലും ഇതു നാശരഹിതമായ ആത്മീയവസ്ത്രവും പാപ ബന്ധനങ്ങളിൽ നിന്നുള്ള മോചനവും ആയിത്തീരുവാൻ കൃപയരുളുകയും ചെയ്യണമെ”.

മാമോദീസായുടെ വ്യാഖ്യാനങ്ങളിൽ ഈ ചടങ്ങിനെപ്പറ്റി പരാമർശിച്ചു കാണുന്നില്ല. എന്നാൽ മുകളിൽ ഉദ്ധരിച്ച പ്രാർത്ഥനയിൽ വിശുദ്ധാത്മാവിന്റെ ശക്തിയും വ്യാപാരവും (വെള്ളത്തിൽ) കലർത്തി ‘ആത്മീയ ഉദരവും നാശമില്ലായ്മയെ വാർക്കുന്ന മൂശയും’ ആക്കി വെള്ളത്തെ രൂപാന്തരപ്പെടുത്തണമെ എന്ന് ആവശ്യപ്പെടുന്നു. സുറിയാനി പാരമ്പര്യത്തിൽ മാമോദീസാത്തൊട്ടിയെ സാധാരണയായി ‘ഉദര’മെന്നും ‘മൂശ’യെന്നും (womb and furnace) വിളിക്കാറുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രതീകമായ അഗ്നിയുടെ സാന്നിദ്ധ്യം മാമോദീസായിൽ ഉണ്ടെന്നുള്ള സങ്കല്പത്തിൽ നിന്നാണ് മൂശ (furnace) എന്നു വിളിക്കുന്നത്. മാമോദീസായിൽ അഗ്നി, അഥവാ പരിശുദ്ധാത്മാവ് സന്നിഹിതനാണെന്നു വി. അപ്രേം പറയുന്നു.

ആത്മാവിന്റെ പ്രതീകമായ പരിശുദ്ധാത്മാവിന്റെ അടയാളമായ അഗ്നി, പാപപരിഹാരത്തിനായി മാമോദീസാ വെള്ളത്തിൽ കലർത്തപ്പെടുന്നു. (അതേ രീതിയിൽ) വി. കുർബാനയിൽ അപ്പത്തിലും കലർത്തപ്പെടുന്നു.

പൗരസ്ത്യ സുറിയാനി കവിയായ നർസയ് പറയുന്നത് മാമോദീസാത്തൊട്ടി ഒരു ‘മൂശ’യായിത്തീരുന്നു എന്നാണ്. മൂശയിലെന്നതുപോലെ പട്ടക്കാരൻ മാമോദീസാ വെള്ളത്തിൽ ശരീരങ്ങളെ പുതുതായി മെനയുന്നു. നശ്വരയുടെ അവശിഷ്ടങ്ങൾ അഗ്നിയിലെന്നവണ്ണം മാറ്റപ്പെടുന്നു. ആത്മാവിന്റെ ചൂടിൽ ശരീരമനസ്സുകളുടെ തുരുമ്പുകൾ ഉന്മൂലനം ചെയ്യപ്പെടുന്നു.

യേശുവിന്റെ മാമോദീസായിലൂടെ യോർദ്ദാനിലെ വെള്ളം ഒരു മൂശയായി തീർന്നുവെന്നു സെറൂഗിലെ യാക്കോബ് എഴുതുന്നു. ക്രിസ്തുവിന്റെ സ്നാനത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങിയപ്പോൾ യോർദ്ദാനിൽ വലിയ പ്രകാശമുണ്ടായി എന്നും (തീയുണ്ടായി എന്നും) വെള്ളം ചൂടുള്ളതായി തീർന്നു എന്നും സുറിയാനി പാരമ്പര്യത്തിൽ കാണുന്നു. സുറിയാനി സഭയിലെ ദനഹാ ശുശ്രൂഷയിൽ ദൈവപുത്രൻ സ്നാനത്തിനായി യോർദ്ദാനിൽ വന്നപ്പോൾ തീയും വിറകും കൂടാതെ ജലം ഊഷ്മളമായി തീർന്നു എന്നു പറയുന്നത് ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ്. ചുരുക്കത്തിൽ മാമോദീസാ വെള്ളത്തെ യോർദ്ദാനിലെ വെള്ളമാക്കിത്തീർക്കുകയാണ് ചൂടുവെള്ളം കലർത്തുന്നതിന്റെ ലക്ഷ്യം. (വെള്ളം വാഴ്‌വിന്റെ ശുശ്രൂഷയിലുടനീളം മാമോദീസാ വെള്ളത്തെ യോർദ്ദാനിനെ വെള്ളത്തോട് താരതമ്യപ്പെടുത്തുന്നുണ്ട്.)

മറ്റൊന്ന് ചൂട് ജീവന്റെ പ്രതീകമാണ്. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചു

കൊണ്ടിരുന്നു. ഇവിടെ പരിവർത്തിച്ചുകൊണ്ടിരുന്നു എന്നതിന് എബ്രായഭാഷയിൽ റാഹേഫ് (= brooding over, പൊരുന്നയിരിക്കുക) എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്. സൃഷ്ടിയിൽ ദൈവാത്മാവ് ആവസിച്ചു വെള്ളത്തിനു ജീവദായകമായ ചൂടു നൽകി (റാഹേഫ്) അതിനെ ജീവനുത്പാദിപ്പിക്കുന്ന ഉദരമാക്കിതീർത്തു. ആദ്യം ജലത്തിലാണ് ജീവനുണ്ടായതെന്നത് ശ്രദ്ധേയമാണ്. (ഉത്പ. 120) പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്താൽ മാമോദീസാ വെള്ളം ജീവദായകമായ ചൂടുള്ളതായിത്തീരുന്നു എന്ന അർത്ഥത്തിലാണ് ചൂടുവെള്ളം ചേർക്കുന്നത്.

**(b) ശോശപ്പാ ആഘോഷം**

ശോശപ്പാ കൊണ്ട് മാമോദീസാത്തൊട്ടി മൂടുന്നതും ഉയർത്തി ആഘോഷിക്കുന്നതും വി. കുർബാനയിൽ നിന്നു സ്വീകരിച്ച ചടങ്ങുകളാണ്. ആദ്യകാലങ്ങളിൽ ഇതുണ്ടായിരുന്നെന്നു തോന്നുന്നില്ല. മാമോദീസായുടെ വ്യാഖ്യാനങ്ങളിൽ ഇതിനെപ്പറ്റി പരാമർശങ്ങൾ കാണുന്നില്ല. ക്രിസ്തു തന്റെ സ്നാനത്തിലൂടെ ക്രിസ്തീയ മാമോദീസായുടെ ഉറവ തുറന്നതിനെ ഇതു സൂചിപ്പിക്കുന്നുവെന്നു ശോശപ്പാ ആഘോഷസമയത്തു പാടുന്ന ഗീതത്തിൽ നിന്നും മനസ്സിലാക്കാം.

**(c) വെള്ളത്തിന്മേൽ ഊതുന്നു**

ശോശപ്പാ ആഘോഷത്തിനുശേഷം താഴെ പറയുന്ന പ്രാർത്ഥന ചൊല്ലി വെള്ളത്തിന്മേൽ കുരിശാകൃതിയിൽ മൂന്നുതവണ ഊതുന്നു

"........കർത്താവേ, പാപികളായ ഞങ്ങളുടെ മദ്ധ്യസ്ഥതയാൽ നിന്റെ ഏകപുത്രൻ തന്റെ വിശുദ്ധശിഷ്യന്മാരിൽ ഊതിയ ആശ്വാസം ഇപ്പോൾ നൽകേണമെ".

നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിപ്പിൻ (യോഹ 20:22) എന്നു പറഞ്ഞുകൊണ്ടാണ് ക്രിസ്തു ശിഷ്യന്മാരുടെ മേൽ ഊതിയത്. വെള്ളം വാഴ്വിന്റെ ലക്ഷ്യം മാമോദീസാ വെള്ളത്തെ ആത്മാവിന്റെ സാന്നിദ്ധ്യമുള്ളതാക്കിത്തീർക്കുകയാണ്. അതിന്റെ ആദ്യപടിയാണ് വെള്ളത്തിന്മേൽ ഊതുന്നത്. മൂശെ ബർകീഫാ ഇതേപ്പറ്റി എഴുതുന്നു.

"താഴെപ്പറയുന്ന കാരണങ്ങളാണ് പുരോഹിതൻ വെള്ളത്തിന്മേൽ ഊതുന്നത്. ഒന്നാമതായി ദൈവം ആദമിനെ സൃഷ്ടിച്ചപ്പോൾ അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. (ഉത്പ. 2:7) മാമോദീസായും പുനസൃഷ്ടി ആകയാൽ, ആദ്യസൃഷ്ടിയിലെപ്പോലെ, പുരോഹിതൻ വെള്ളത്തിന്മേൽ ഊതുന്നതു യുക്തമാണ്. രണ്ടാമതായി നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിപ്പിൻ (യോഹ 20:23) എന്നു പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് ശിഷ്യന്മാരുടെ മേൽ ഊതിയതുപോലെ, പുരോഹിതൻ വെള്ളത്തിന്മേൽ ഊതുന്നു".

സെറൂഗിലെ യാക്കോബിന്റെ വാക്കുകളിൽ നമ്മുടെ കർത്താവ് യോർദ്ദാനിൽ (സ്നാനത്തിനായി) ഇറങ്ങിയപ്പോൾ വെള്ളം സന്തോഷത്താൽ ഇളകി. ഈ സംഭവത്തിന്റെ ആവിഷ്കരണം കൂടിയാണ് വെള്ളത്തിന്മേൽ ഊതുന്നത്. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവാത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ചു കൊണ്ടിരുന്നതിനെയും ഇത് അനുസ്മരിപ്പിക്കുന്നു.

**(d) വെള്ളത്തിന്മേൽ കുരിശടയാളം വരയ്ക്കുന്നു.**

വെള്ളത്തിൽ കുരിശടയാളം വരയ്ക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ നിന്നും ഇത് ബഹിഷ്കരണ (exorcism) ത്തിന്റെ പ്രതീകമാണെന്നു കാണാം. വെള്ളത്തെ സാത്താന്റെയും മരണത്തിന്റെയും പിടിയിൽ നിന്നും വിമുക്തമാക്കി ജീവൻ നൽകുന്ന ഉദരവും മൂശയും ആക്കി തീർക്കുന്നു.

കർത്താവേ മനുഷ്യരെ കൊല്ലുന്നവനായ ആ മഹാസർപ്പത്തിന്റെ തല നിന്റെ സ്ളീബായുടെ അടയാളത്തിൻകീഴിൽ ചതയ്ക്കപ്പെടുമാറാകണമെ...

സുറിയാനി പാരമ്പര്യമനുസരിച്ച് ക്രിസ്തു തന്റെ സ്നാനത്തിലൂടെ യോർദ്ദാനിലെ വെള്ളവും അതോടൊപ്പം വെള്ളം മുഴുവനായും ശുദ്ധീകരിച്ചു. പിശാചുക്കൾ വസിക്കുവാൻ ഇഷ്ടപ്പെടുന്നത് വെള്ളത്തിലോ ഈർപ്പമുള്ള സ്ഥലങ്ങളിലോ ആണ്. (മത്താ. 8:31-32, മർക്കോ 5:12-13, ലൂക്കോ 8:33) ഭൂതങ്ങൾ പന്നിക്കൂട്ടത്തെ വെള്ളത്തിലേക്കു നയിക്കുന്നത് ഇക്കാരണത്താലാണ്. (മത്താ 12:43) പഴയനിയമത്തിൽ വെള്ളത്തിൽ വസിക്കുന്ന മഹാസർപ്പത്തെപ്പറ്റി സൂചനകളുണ്ട്. (സങ്കീ.

74:13, 148:7, ഇയ്യോബ് 7:12) സുറിയാനി പാരമ്പര്യത്തിൽ ക്രിസ്തുവിന്റെ സ്നാനം ഈ സർപ്പത്തിന്റെ മേലുള്ള വിജയമായിട്ടുകൂടിയാണ് ചിത്രീകരിച്ചിരിക്കുന്നത്.

**(e) വെള്ളം വാഴ്വ് : മൂറോൻ ഒഴിക്കുന്നു**

വെള്ളത്തിൽ കുരിശടയാളങ്ങൾ വരച്ചശേഷം വി. കുർബാനയിലേതുപോലെ പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥന ചൊല്ലുന്നു. വി. കുർബാനയിൽ അപ്പവീഞ്ഞുകളുടെ മേൽ കൈ ആവസിക്കുന്നതുപോലെ മൂന്നുതവണ ആവസിച്ചു കൊണ്ടു ചൊല്ലുന്ന പ്രാർത്ഥന മാമോദീസായുടെ അർത്ഥം വ്യക്തമാക്കുന്നതാണ്.

സർവാധിപതിയാകുന്ന ദൈവമായ കർത്താവേ ഈ വെള്ളത്തെ ആശ്വാസജലവും, സന്തോഷകരവും ആനന്ദകരവുമായ വെള്ളവും നിന്റെ ഏകപുത്രന്റെ മരണത്തെയും പുനരുത്ഥാനത്തെയും ദൃഷ്ടാന്തപ്പെടുത്തുന്ന വെള്ളവും വെടിപ്പാക്കുന്ന വെള്ളവും ആക്കിത്തീർക്കേണമെ. ഈ വെള്ളത്തെ ആത്മശരീരങ്ങളുടെ മാലിന്യത്തെ ശുദ്ധീകരിക്കുന്നതും ബന്ധനങ്ങളെ അഴിക്കുന്നതും പിഴകളെ ക്ഷമിക്കുന്നതും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നതും ആക്കിത്തീർക്കേണമെ. ഈ ജലത്തെ വീണ്ടും ജനനത്തിൻ സ്നാനവും പുത്രസ്വീകാരത്തിൻ നൽവരവും നാശരഹിതമായ വസ്ത്രവും വിശുദ്ധാത്മാവിൻ പുതുക്കവും ആക്കിത്തീർക്കേണമെ. പരിശുദ്ധാത്മാവിനെ അയച്ചു മാമോദീസാ വെള്ളത്തെ ശുദ്ധീകരിക്കണമെന്ന് ആദ്യം ആവശ്യപ്പെടുന്നു. സൃഷ്ടിയിൽ വെള്ളത്തിന്മേൽ പരിവർത്തിച്ച ദൈവാത്മാവ് പുനർസൃഷ്ടിയായ മാമോദീസായിലും സന്നിഹിതനായി, വിശ്വാസികളെ വീണ്ടും ജനിപ്പിക്കുന്നു. യോർദ്ദാനിൽ വച്ച് ക്രിസ്തുവിൽ ഇറങ്ങി വസിച്ച പരിശുദ്ധാത്മാവ് മാമോദീസായിലും ഇറങ്ങി വിശ്വാസികളെ ദൈവപുത്രന്മാരാക്കിത്തീർക്കുന്നു. മരണത്തിന്റെ പ്രതീകമായ വെള്ളത്തിന്റെ സ്വഭാവത്തെ പരിശുദ്ധാത്മാവ് രൂപാന്തരപ്പെടുത്തി ആശ്വാസജലം (സങ്കീ 23:2 water of comfort) ആക്കിത്തീർക്കുന്നു.

തുടർന്നു കുരിശാകൃതിയിൽ വി. മൂറോൻ വെള്ളത്തിന്മേൽ ഒഴിക്കുന്നു. മൂറോൻ മാമോദീസാ വെള്ളത്തിന്മേൽ ഒഴിക്കുന്നത് അന്ത്യോഖ്യൻ സുറിയാനി പാരമ്പര്യത്തിന്റെപ്രത്യേകതയാണ്. ദിവന്നാസ്യോസ് അരയോപഗൈറ്റ് (സി 500)ആണ് ഇതിനെപ്പറ്റി എഴുതുന്ന ആദ്യത്തെ സഭാപിതാവ്. എന്നാൽ രണ്ടാം നൂറ്റാണ്ടിൽ ഈ പതിവ് സഭയിൽ ഉണ്ടായിരുന്നു എന്നതിന് തെളിവുണ്ട്. ജ്ഞാനമതത്തിൽ (gnosticism) വെള്ളവും തൈലവും കലർന്ന മിശ്രിതം തലയിൽ ഒഴിച്ചാണ് സ്നാനപ്പെടുത്തിയിരുന്നതെന്നു രണ്ടാം നൂറ്റാണ്ടിൽ ഐറേനിയസ് പറയുന്നു. കാതോലിക സഭയിൽ നിലവിലിരുന്ന ഒരു രീതി ക്രിസ്തീയ ജ്ഞാനമതക്കാർ അവലംബിച്ചതായിരിക്കാമെന്ന് പണ്ഡിതമതം. മൂശെ ബർകീഫാ ഇതിന്റെ അർത്ഥത്തെപ്പറ്റി എഴുതുന്നു.

വെള്ളത്തിന്മേൽ ഒഴിക്കുന്ന മൂറോൻ പരിശുദ്ധാത്മാവിനെ കുറിക്കുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവാത്മാവ് വെള്ളത്തിന്മേൽ ആവസിച്ച് അതിന് ജീവദായകമായ ശക്തി പകർന്നതുപോലെ, സ്വർഗീയപിതാവിന് ആത്മീയമക്കളെ ജനിപ്പിക്കുവാനുള്ള ശക്തി പകരുവാൻ തക്കവണ്ണം മൂറോനിൽ കൂടി ദൈവാത്മാവ് മാമോദീസാ വെള്ളത്തിൽ ആവസിക്കുന്നു.

പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം മാമോദീസാ വെള്ളത്തിൽ ഉണ്ടാകുവാനാണ് വി. മൂറോൻ ഒഴിക്കുന്നത്. വി. മൂറോൻ സുറിയാനി പാരമ്പര്യത്തിൽ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. മാമോദീസാ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നുമുള്ള വീണ്ടും ജനനമായതുകൊണ്ടാണ് വെള്ളത്തിൽ മൂറോൻ ഒഴിക്കുന്നത്.

സേവേറിയോസിന്റെ ക്രമത്തിൽ വെള്ളം വാഴ്വിനുശേഷം സൈത്തുകൊണ്ട് ദേഹം മുഴുവൻ അഭിഷേകം ചെയ്യുന്നതിനെപ്പറ്റി പറയുന്നുണ്ട്. എന്നാൽ പാമ്പാക്കുട ക്രമത്തിൽ ആ അഭിഷേകം കാണുന്നില്ല. ബാറെബ്രായ മാമോദീസാ ക്രമം പരിഷ്കരിച്ചപ്പോൾ ദേഹം മുഴുവനുമുള്ള അഭിഷേകം വിട്ടുകളഞ്ഞതായിരിക്കണം. മാമോദീസായുടെ മിക്കവാറും എല്ലാ വ്യാഖ്യാനങ്ങളിലും ദേഹം മുഴുവനുമുള്ള ഈ അഭിഷേകത്തെപ്പറ്റി പരിശോധിക്കുന്നുണ്ട്.

*(തുടരും....)*

❐

# കാർമ്മികരോടും ശുശ്രൂഷകരോടും ഒരു അത്മേനിയുടെ സംശയങ്ങൾ-2

പി. തോമസ്, പിറവം

**പട്ടക്കാരനോ ആചാര്യനോ**

ക്രമങ്ങളിലെല്ലാം പട്ടക്കാരൻ എന്ന് കാണുന്നുണ്ടെങ്കിലും ആചാര്യന്റെ കൈകളാൽ കുന്തിരിക്കം വയ്ക്കപ്പെടുന്നു. ആചാര്യന്റെ കൈകളാൽ.. വയ്ക്കപ്പെട്ടിരിക്കുന്ന .. ഈ കുർബ്ബാനയിൽ സൂക്ഷിക്കണം. എന്നെല്ലാം മാറ്റിയാണ് ചൊല്ലി കേൾക്കുന്നത്. പുരോഹിതനും രാജാവും പ്രവാചകനുമായ യേശുക്രിസ്തുവിന്റെ ത്രിവിധപദവിയുടെ പിന്തുടർച്ചക്കാരനായി അഭിഷേകം ചെയ്തിരിക്കുന്ന (പട്ടം കെട്ടിയിരിക്കുന്ന) അഭിഷിക്തനെ (പട്ടക്കാരനെ) ആ പദവികളിൽ ഉൾപ്പെടാത്ത ആചാര്യൻ മാത്രമായി ലഘൂകരിക്കുവാനുള്ള നിർദ്ദേശം ആരുടെ ഭാഗത്തുനിന്നാണ് ഉണ്ടായിട്ടുള്ളത്? അതോ, ക്രമങ്ങൾ തന്നിഷ്ടപ്രകാരം യുക്തിരഹിതമായി മാറ്റുന്നവരുടെ സ്വാധീനം മൂലം അനധികൃതമായി വ്യാപിക്കുന്നതോ? (കുന്തിരിക്കം, ശിശ്രൂഷ, ഉയർപ്പ്, ഉയർത്തെഴുന്നേറ്റ്, അവിടുത്തെ, നയവാൻ പന പോലെ തളർത്തിടുമേ എന്നീ തെറ്റായ ഉച്ചാരണങ്ങൾ കൂടി ഇവിടെ സൂചിപ്പിക്കട്ടെ.)

**ക്രമത്തിലില്ലാത്ത ബാറെക്മോർ**

വിശുദ്ധ കുർബ്ബാനയിൽ ക്രമത്തിലില്ലെങ്കിലും പലപ്പോഴും ബാറെക്മോർ ചൊല്ലി കേൾക്കുന്നു. പലതും യുക്തിഭദ്രമോ, സന്ദർഭത്തിൽ ആവശ്യമുള്ളതോ ആയി തോന്നാറില്ല. ബാറെക്മോർ ചൊല്ലേണ്ട യഥാർത്ഥരീതി കാർമ്മികരും ശുശ്രൂഷകരും മനസ്സിലാക്കുന്നില്ലെന്ന് ധരിക്കാമോ?

**മാമോദീസാ ഒരിക്കലോ, ഒന്നോ, ഏകമോ**

പാപമോചനത്തിനുള്ള മാമോദീസാ ഒരിക്കൽ (ഒന്ന്) എന്നത് പൂർണ്ണമായി ശരിയല്ലെന്നു പറയുന്നവരുണ്ട്. പാപമോചനത്തിന് ഏകമാമോദീസായേ ഉള്ളൂ. (We confess that there is one baptism for the forgiveness of sins) എന്ന് തിരുത്താവുന്നതാണോ?

**യാചിക്കേണ്ടും സമയമിതാ**

പട്ടക്കാരന്റെ രഹസ്യപ്രാർത്ഥന, വിശ്വാസപ്രമാണത്തിന്റെ സമയം കൊണ്ടു തന്നെ തീരത്തക്കവിധം സാവധാനം ചൊല്ലണമെന്നും യാചിക്കേണ്ടും സമയമിതാ എന്ന ഗീതം വലിയനോമ്പിൽ മാത്രം ചൊല്ലേണ്ടതാണെന്നും സാധാരണഗതിയിൽ അത് ചൊല്ലേണ്ടതില്ലെന്നും മൽപ്പാന്മാർ പറഞ്ഞിരുന്നു. ഈ ഗീതം അനുപേക്ഷണീയമാണോ?

**നമ്മുടെ മേൽപ്പട്ടക്കാരൻ**

ഭദ്രാസനമെത്രാപ്പോലീത്തയല്ലാത്ത മേൽപ്പട്ടക്കാരനോ മേൽപ്പട്ടക്കാരോ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ഒന്നാം തുബ്ദേനിൽ നമ്മുടെ മേൽപ്പട്ടക്കാരന്റെ പേര് ഓർമ്മിക്കുന്ന രീതി പലപ്പോഴും വ്യത്യസ്തമാണ്. ചിലർ ഈ വന്ദ്യപിതാവിനു വേണ്ടിയും എന്ന് ഇടവക മേൽപ്പട്ടക്കാരന്റെ പേര് വിട്ടുകളഞ്ഞ് ചൊല്ലും. ചിലർ ഇടവക മേൽപ്പട്ടക്കാരന്റെ പേര് ഉച്ചരിച്ചിട്ട് വന്ദ്യപിതാവിനു വേണ്ടിയും എന്ന് കൂട്ടിച്ചേർക്കും. അതിന് കൃത്യമായ നിർദ്ദേശം ശുശ്രൂഷകർക്ക് നൽകേണ്ടതല്ലേ?

**കാസോലിക്കിയിലെ ഹാലേലൂയ്യാ, കുറിയേലായിസോൻ**

"അൻപുടയോനേ, സ്രാപ്പികളെ" ഇത്യാദി ഗീതങ്ങളുടെ ഇടയിൽ അപ്രസക്തമായും അർത്ഥരാഹിത്യം ഉണ്ടാകുവം വിധവും ഹാലേലൂയ്യാ , കുറിയേലായിസോൻ, ബാറെക്മോർ എന്നിത്യാദി പദങ്ങൾ തിരുകുന്നത് കേൾക്കാം. അങ്ങനെ ചേർത്ത് ചൊല്ലേണ്ടതില്ലെന്ന് മുമ്പൊക്കെ മൽപ്പാന്മാർ പഠിപ്പിച്ചിട്ടുമുണ്ട്. ഇങ്ങനെ പദങ്ങൾ ചേർക്കുന്നതിന് വല്ല സാംഗത്യവുമുണ്ടോ?

**ലുത്തിനിയാകൾ**

വിശുദ്ധ കുർബ്ബാനയിൽ ഖണ്ഡിപ്പിന്റെ നേരത്ത് കാസോലിക്കി ഗീതത്തെ

തുടർന്നുള്ള ലുത്തിനിയാകളിൽ (മദ്ധ്യസ്ഥ പ്രാർത്ഥനകൾ) അവസാനത്തെ രണ്ടെണ്ണം (1. സഹോദരങ്ങളേ .. 2. നമ്മുടെ മശിഹാതമ്പുരാനോട് ) അനുപേക്ഷണീയമാണെന്ന് മുമ്പൊക്കെ മൽപ്പാന്മാർ പഠിപ്പിച്ചിരുന്നത് ഇപ്പോൾ ഒഴിവാക്കുന്നതിന്റെ ന്യായീകരണം എന്താണ്?

**അമാൻ ആമ്മീൻ**

വിശുദ്ധ കുർബ്ബാനയിൽ കാസാപീലാസാകൾ ഉയർത്തി ആഘോഷിച്ചശേഷം, ''തന്റെ കരുണയാൽ ലോകത്തെ......'' എന്നു ചൊല്ലുന്നതിന്റെ പ്രതിവാക്യം ആമ്മീൻ എന്നു ചിലരും അമാൻ ആമ്മീൻ എന്നു മറ്റു ചിലരും പറയുന്നു. നമ്മോടുകൂടെ എന്നു ചൊല്ലി നിറുത്തിയതിന്റെ പ്രതിവാക്യം ആമ്മീൻ എന്നു പോരേ അമാൻ (നമ്മോടുകൂടെ) എന്ന് പ്രതിവാക്യത്തിലും ആവർത്തിക്കണമോ?

**കുർബ്ബാനാനുഭവത്തിന് മുമ്പുള്ള പ്രാർത്ഥന**

കുർബ്ബാനാനുഭവത്തിന് മുമ്പ് തക്സായിലോ മുമ്പുള്ള കുർബ്ബാനക്രമത്തിലോ ഉൾപ്പെടുത്താത്ത പ്രാർത്ഥനകൾ പരസ്യമായി ചൊല്ലുന്ന രീതി തുടങ്ങിയിരിക്കുന്നു. ആദ്യകാലങ്ങളിൽ അത് അപ്രകാരം ചൊല്ലാതിരുന്നത് എന്തുകൊണ്ട്? അനുപേക്ഷണീയമായിരുന്നെങ്കിൽ ആദിമുതലേ അതുണ്ടാകുമായിരുന്നില്ലേ? കുർബ്ബാന അനുഭവിക്കുവാൻ വിശ്വാസികളെ ഒരുക്കുന്ന മുഴുവൻ ക്രമത്തിനും ശേഷം അപ്രകാരം ഒന്ന് പരസ്യമായി ചൊല്ലുന്നത് സംഗതമാണോ? പട്ടക്കാരൻ വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നത് ഈ പ്രാർത്ഥന രഹസ്യമായി ചൊല്ലിയ ശേഷമല്ലേ?

വിശുദ്ധ കുർബ്ബാനയുടെ പരിസമാപ്തിയിൽ , കുറിയേലായിസോൻ .. ഞങ്ങളുടെ കർത്താവേ സ്വർഗ്ഗസ്ഥനായ പിതാവേ എന്നീ സമാപന പ്രാർത്ഥനകളാണല്ലോ ഉള്ളത്. അന്ത്യറൂശ്മാ കഴിഞ്ഞാലുടനെ ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന കൗമ ചൊല്ലുന്നത് അപ്രസക്തമല്ലേ.?

**ഗീതങ്ങളിലെ അപക്വമായ കൈയേറ്റം**

അടുത്തകാലങ്ങളിൽ ശുശ്രൂഷകരും ജനങ്ങളും ഗായകസംഘങ്ങളും മറ്റും ഗീതങ്ങളുടെ വരികളുടെ അവസാനഭാഗം പാടിക്കേൾക്കുന്നത് ഇങ്ങനെയൊക്കെയാണ്.

സകലനിവാസങ്ങളിൽ നി-
അരിശത്തിൻ ദണ്ഡം
നോമ്പും പ്രാർത്ഥനയും കൈക്കൊ -
അൻപാലടിയാരെ ..
തൻ കൂടെ പണിതോർ -
അവനര കെട്ടി ..
നാഥാ ഉത്തരമരുളിച്ചെയ് -
അടിയാരൊടു കൃപ ..
നാമെല്ലാവരുമൊത്തൊരുമി -
അട്ടഹസിച്ചുര ചെയ്യേണം
ദൈവപ്രസവിത്രീ കന്യകമറിയാമി-
ഉയരുന്നോയാറിൽ ..
ആദ്യാചാര്യത്വം കൈക്കൊ -
അഹറോൻ മൂശയൊടൊന്നിച്ച് ..
വൈദികരെ പിൻചെല്ലും വ -
ഈറേന്മാർ ദേവാഗാരേ.
നിർമ്മലരായ് പരികർമ്മിപ്പോ-
ആചാര്യർക്കവ ..
നല്ല മരിച്ചോർ പുണ്യപ്പെ -
ഈറയരാനന്ദിക്കേണം

അർത്ഥപുഷ്ടിവാദികളിലും ഭാഷാപണ്ഡിതമ്മന്യരുമായ ആരുടെയോ പ്രേരണയാൽ ഗീതങ്ങളിലെ വരികളുടെ അവസാനപദങ്ങളിലാണ് ഈ കൈയേറ്റം കൂടുതലായി നടക്കുന്നത്. എത്ര അരോചകമാണിതെന്ന് ചൊല്ലുന്നവരും ചൊല്ലിക്കുന്നവരും അറിയുന്നുണ്ടോ? ഗീതങ്ങളിലെ യഥാർത്ഥ അർത്ഥം ഈ മാറ്റത്തിലൂടെ നഷ്ടപ്പെടുന്നുവെന്ന് തിരിച്ചറിയാത്തതെന്ത്? മേൽപ്പറഞ്ഞതുപോലെ ചൊല്ലുന്നതാണ് ശരിയായ രീതിയെങ്കിൽ

കന്യകമറിയാമി - ഓർമ്മ ഭവിക്കട്ടെ
രാപകലടിയങ്ങൾ - ആശ്രയമങ്ങല്ലോ
നീതിപ്രിയർ സിദ്ധർ - ഓർമ്മ ഭവിക്കട്ടെ
കൈക്കൊ - ഉദരേ പേറി

എന്നെല്ലാം കൂടി തിരുത്തലുകൾ പാടേണ്ടതല്ലേ

മേൽപ്പറഞ്ഞവയൊക്കെ പരിഗണിക്കുവാനുള്ള ഗൗരവമുള്ളതല്ലെന്ന് കരുതുന്നവരുടെയെല്ലാം ചിന്തയ്ക്കായി ഇത് സവിനയം സമർപ്പിക്കുന്നു.

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# പൗരസ്ത്യ കാതോലിക്കേറ്റ്
## പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ
## 1976 – 1983
### സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ
### (Codified and edited)

*(പരിശുദ്ധ സുന്നഹദോസ് നിശ്ചയങ്ങളിൽ നിന്ന് സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തണമെന്ന് പ.സുന്നഹദോസ് നിശ്ചയിച്ചതനുസരിച്ച് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ കാലത്ത് 1976 മുതൽ നടത്തിയിട്ടുള്ള പ. സുന്നഹദോസുകളുടെ പ്രസക്ത നിശ്ചയങ്ങൾ സമാഹരിച്ച് പ്രകാശനം ചെയ്തിട്ടുള്ളവയാണ് ഇത്.)*

*(കഴിഞ്ഞ ലക്കം തുടർച്ച......)*

## XI
### 1981 ഫെബ്രുവരി സുന്നഹദോസ്

**1. സെന്റ് തോമസ്സ് ഓർത്തഡോക്സ് വൈദിക സംഘം:**

1980 ഡിസംബറിൽ പരുമല സെമിനാരിയിൽ കൂടിയ അഖില മലങ്കര വൈദികയോഗം അംഗീകരിച്ചിട്ടുള്ളതും മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ വൈദികർക്കുവേണ്ടി ആരംഭിച്ചിട്ടുള്ളതുമായ വൈദികസംഘടനയുടെ പേര് സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘം എന്നായിരിക്കമെന്നും, വേണ്ട വ്യത്യാസങ്ങൾ വരുത്തി പ. സുന്നഹദോസ് സ്വീകരിച്ച അതിന്റെ നിയമാവലിയുടെ ആദ്യരൂപം ആധാരമാക്കി ആയതിന്റെ പൂർണ്ണരൂപം പ്രസ്തുത സംഘടനയുടെ സെൻട്രൽ കമ്മറ്റി എഴുതി ഉണ്ടാക്കി എപ്പിസ്കോപ്പൽ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചതിന്റെ ശേഷം പ. സുന്നഹദോസിൽ സമർപ്പിച്ച് പാസ്സാക്കേണ്ടതാണെന്നും പ്രസ്തുത സംഘടനയുടെ ആഭിമുഖ്യത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ പൊതു വൈദിക സമ്മേളനവും, രണ്ടുവർഷത്തിലൊരിക്കൽ മേഖലാ വൈദികസമ്മേളനങ്ങളും നടത്തേണ്ടതാണെന്നും, അതിലേക്കായി (1) കോട്ടയമുൾപ്പെടെ വടക്കുള്ള കേരള മെത്രാസനങ്ങൾ (കോട്ടയം, കണ്ടനാട്, കൊച്ചി, അങ്കമാലി, മലബാർ), (2) ക്നാനായ ഭദ്രാസനമുൾപ്പെടെ കോട്ടയത്തിനു തെക്കുള്ള കേരള മെത്രാസനങ്ങൾ (നിരണം, കൊല്ലം, തുമ്പമൺ, തിരുവനന്തപുരം), (3) കേരളത്തിനു വെളിയിലുള്ള മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ടാ, അമേരിക്കാ എന്നീ അഞ്ചു ബാഹ്യകേരള മെത്രാസനങ്ങൾ എന്നിങ്ങനെ മൂന്ന് മേഖലകൾ ഉണ്ടായിരിക്കണമെന്നും, പ്രസ്തുത വൈദിക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ത്രൈമാസിക പ്രസിദ്ധപ്പെടുത്തണമെന്നും പ്രസ്തുത സംഘത്തിന്റെ രക്ഷാധികാരിയും പരമാദ്ധ്യക്ഷനും പ. കാതോലിക്കാബാവാ ആയിരിക്കുന്നതും പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സംഘത്തിന്റെ പ്രസിഡന്റും, യാക്കോബ് മാർ പോളികർപ്പോസ്, സഖറിയാ മാർ ദീവന്നാസിയോസ്, ഗീവർഗീസ് മാർ ദിയസ്കോറോസ് എന്നീ മേല്പട്ടക്കാർ വൈസ് പ്രസിഡന്റുമാരുമായിരിക്കണമെന്നും തീരുമാനിച്ചു.

**2. കുക്കിലിയോനിൽ ശുദ്ധമതികളുടെ പേരുകൾ ഓർക്കുന്നതിനെപ്പറ്റി:**

ശുദ്ധിമതികളുടെ ഓർമ്മ നടത്തുമ്പോൾ സാദീക്കോ എന്ന കുക്കിലിയോനിൽ അവരുടെ പേരുകൾ പറയുന്നതിൽ തെറ്റൊന്നുമില്ലെന്നും തദവസരത്തിൽ ചൊല്ലുന്ന പാട്ടുകളിലും മറ്റും വേണ്ട വ്യത്യാസങ്ങൾ വരുത്തി അപ്രകാരം ചൊല്ലാവുന്നതാണെന്നും പ. സുന്നഹോസ് അഭിപ്രായപ്പെട്ടു.

**2. പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്ന കാര്യം:**

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ്, ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നീ പിതാക്കന്മാരേയും അതുപോലുള്ള മറ്റു പിതാക്കന്മാരുണ്ടെങ്കിൽ അവരെയും അവരുടെ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി സഭയുടെ പരസ്യാരാധനയിൽ ഓർക്കുകയും അവരുടെ പേരിൽപള്ളികളും മറ്റും സ്ഥാപിക്കുകയും

ചെയ്യത്തക്കവിധം സഭയിലെ അംഗീകരിക്കപ്പെട്ട പരിശുദ്ധന്മാരായി പ. സുന്നഹദോസ് പ്രഖ്യാപിക്കണമെന്നുള്ള ആഗ്രഹം സഭയിൽ പലിയിടത്തുമുള്ളതായി രേഖാമൂലം അല്ലാതെയും പ. സുന്നഹദോസിന്റെ അറിവിൽപ്പെട്ടിരിക്കകയാൽ ഈ കാര്യത്തിൽ സഭാംഗങ്ങളുടെ ഇടയിലുള്ള അഭിപ്രായങ്ങൾ, അനുഭവങ്ങൾ മുതലായവയെക്കുറിച്ചു പഠിച്ചു വിലയിരുത്തുന്നതിനും ഇതുസംബന്ധിച്ചുള്ള പൗരസ്ത്യപാരമ്പര്യം എന്താണെന്നു പഠിച്ചു റിപ്പോർട്ടുചെയ്യുന്നതിനും അങ്ങനെ ആരെയെങ്കിലും പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനു മുമ്പ് സഭ എടുക്കേണ്ട നടപടികൾ എന്തെല്ലാമായിരിക്കണമെന്നു പഠിച്ചു റിപ്പോർട്ടു ചെയ്യുന്നതിനും ഏഴുപേരടങ്ങിയ ഒരു കമ്മിറ്റിയെ പ. സുന്നഹദോസ് നിശ്ചയിച്ചു. കമ്മറ്റിയുടെ പ്രസിഡന്റ് ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായും കൺവീനർ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ആയിരിക്കുന്നതാണ്.

പ്രസ്തുത കമ്മിറ്റി പ. സുന്നഹദോസ് കൂടുന്ന അവസരങ്ങളിൽ ഇതു സംബന്ധമായ ഇടക്കാല റിപ്പോർട്ടുകളും അഞ്ചു വർഷത്തിനകം അവസാന റിപ്പോർട്ടും പ. സുന്നഹദോസിൽ സമർപ്പിക്കേണ്ടതാകുന്നു. പ്രസ്തുത പിതാക്കന്മാരുമായി പരിചയമോ ബന്ധമോ അറിവോ ഉള്ളവരിൽനിന്നു വസ്തുതകൾ ശേരിച്ചു പ. സുന്നഹദോസിൽ സമർപ്പിക്കുന്നതോടൊപ്പം പൊതുജനങ്ങളിൽ നിന്നുള്ള തിരുത്തലുകളും കൂടുതൽ വിവരങ്ങളും ലഭിക്കത്തക്കവിധം പ. സുന്നഹദോസിന്റെ അനുവാദത്തോടുകൂടി അവ പ്രസിദ്ധം ചെയ്യാവുന്നതുമാകുന്നു.

**4. സഭയിൽ പെട്ട മദ്യപാനികൾ ദുർവൃത്തന്മാർ മുതലായവരെ വീണ്ടെടുക്കുന്നതിനു ഒരു പ്രസ്ഥാനം ആരംഭിക്കുന്നതിനെപ്പറ്റി:**

മദ്യപാനവും ദുർവൃത്തിയും മൂലം ജീവിതാധഃപതനത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന സഭാംഗങ്ങളെ ആദ്ധ്യാത്മീകമായി ഉദ്ധരിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്നതിനായി ഇടവകകൾതോറും സന്നദ്ധസംഘങ്ങൾ (സ്ക്വാഡുകൾ) രൂപവല്ക്കരിക്കുന്നതിനും പ്രസ്തുത കാര്യസാദ്ധ്യത്തിനായി പെരുന്നാളുകൾ, വിരുന്നുസദ്യകൾ മുതലായവയുടെ അനുഷ്ഠാനത്തിൽ വരുത്തേണ്ട നിയന്ത്രണങ്ങളെക്കുറിച്ചു നിർദ്ദേശങ്ങൾ നല്കുന്നതിനും മദ്യവർജ്ജന സംബന്ധമായും മറ്റുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു കമ്മിറ്റിയെ-കൂടുതൽ അംഗങ്ങളെ കോഓപ്റ്റു ചെയ്യുന്നതിനുള്ള അധികാരത്തോടെ-നിയമിക്കണമെന്നു പ. സുന്നഹദോസ് തീരുമാനിച്ചു. കമ്മിറ്റിയുടെ പ്രസിഡന്റ് മാത്യൂസ് ബർന്നബാസ് മെത്രാപ്പോലീത്താ ആയിരിക്കുന്നതും ശ്രീ. സി.യു. മാത്യു കോട്ടയം സെക്രട്ടറിയും കൺവീനറും സംഘാടകനും (Organising Secretary) ആയിരിക്കുന്നതുമാകുന്നു.

**2. ഐക്യകൺവൻഷനിലും ഇതരസഭക്കാരുടെ മതപ്രസംഗയോഗങ്ങളിലും നമ്മുടെ പ്രസംഗകർപോയി പ്രസംഗിക്കുന്നതിനെപ്പറ്റി:**

അങ്ങനെ പോയി പ്രസംഗിക്കുന്നതിന്റെ ഭവിഷ്യത്തുക്കളെപ്പറ്റി പ. സുന്നഹദോസ് പരിഗണിച്ചു. നമ്മുടെ പ്രസംഗകരെ അനുകരിച്ചു നമ്മുടെ സഭാംഗങ്ങളും അജ്ഞരുമായ മറ്റു പലരും ഇങ്ങനെയുള്ള യോഗങ്ങളിൽ പോയി സഭയുടെ വിശ്വാസത്തിനു വിരുദ്ധമായുള്ള മറ്റു സഭക്കാരുടെ പ്രസംഗങ്ങൾ കേട്ട് ചിന്താക്കുഴപ്പത്തിൽപെടുവാൻ വഴിയുള്ളതുകൊണ്ട് അങ്ങനെ പോകുന്ന കാര്യത്തിൽ നമ്മുടെ പ്രസംഗകർ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നു പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു.

**2. വി. കുർബ്ബാന തക്സായുടെ തമിഴ് തർജ്ജിമ:**

പ. കുർബ്ബാന തസ്കായുടെ തമിഴ് പരിഭാഷ ഉണ്ടാക്കുന്നതിനു ചുമതലപ്പെടുത്തിയിരുന്ന മദ്രാസ് ഭദ്രാസനത്തിന്റെ സഖറിയാസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ വിദഗ്ധസഹായത്തോടുകൂടി പ്രസ്തു തർജ്ജിമ ഉണ്ടാക്കി. പ. സുന്നഹദോസിൽ സമർപ്പിച്ചു. വളരെ ഭംഗിയായും ആരാധനയ്ക്കു അനുയോജ്യമായ ഭാഷയിലും പ്രസ്തുതകൃത്യം നിർവ്വഹിച്ച സി.എസ്.ഐ. സഭയിൽപെട്ട റവ. തങ്കരാജിനെ (തൃശ്ശിനാപ്പള്ളി) പ. സുന്നഹദോസിനു വേണ്ടി പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അനുമോദിച്ചു സംസാരിച്ചു. വി. കുർബ്ബാന തക്സായോടൊപ്പം മറ്റ് ആവശ്യമായ ആരാധനക്രമങ്ങളും തർജ്ജിമ ചെയ്യുന്നതിനു റവ.തങ്കരാജിനെ ചുമതലപ്പെടുത്തണമെന്നു നിശ്ചയിച്ചു.

**2. മലങ്കര മെഡിക്കൽ മിഷ്യൻ ഭരണഘടന:**

ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ മലങ്കര ഓർത്തഡോക്സ് ചർച്ച് മെഡിക്കൽ മിഷ്യൻ (Service) ബോർഡിനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച ഭരണഘടന പ. സുന്നഹദോസ് അംഗീകരിച്ചു.

(1983 ഫെബ്രുവരി സുന്നഹദോസ് പ്രസ്തു ഭരണഘടന വകുപ്പ് 3 ഉപവകുപ്പ് b അനുസരിച്ച് ഫിലിപ്പോസ് മാർ തെയോഫീലോസ് മെത്രാപ്പോലീത്തായെ ബോർഡിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ആയും വകുപ്പ് 3 ഉപവകുപ്പ് d അനുസരിച്ച് കോലഞ്ചേരി മെഡിക്കൽ മിഷ്യൻ സൂപ്രണ്ട് ഡോ. മാമ്മൻ ചെറിയാനെ ബോർഡിന്റെ ഡയറക്റും ട്രഷററുമായും, വകുപ്പ് 3 ഉപവകുപ്പ് f അനുസരിച്ച് ഡോ. പത്രോസ് മത്തായി, ഡോ. കോശി പൂപ്പള്ളിൽ, ഫാദർ ജോർജ്ജ് കുര്യൻ (Student Centre) എന്നിവരെ അംഗങ്ങളായും നോമിനേറ്റു ചെയ്തു.

*(തുടരും..)*

# പുതിയ ആകാശവും പുതിയ ഭൂമിയും

നിസ്സി ജോൺസ് കോനാട്ട്

പുതിയ ആകാശവും പുതിയ ഭൂമിയും -യഥാർത്ഥത്തിൽ അതാണ് ഒരു വിശ്വാസിയുടെ അന്തിമമായ പ്രത്യാശ. അതിനായി കാത്തിരിക്കുന്നവരാണ് നാമെല്ലാവരും.

വെളിപാട് പുസ്തകത്തിൽ 21-ാം അദ്ധ്യായത്തിൽ 1-8 വരെയുള്ള വാക്യങ്ങളിൽ ദർശനത്തിൽ യോഹന്നാൻ ശ്ലീഹാ കണ്ട പുതിയ ആകാശത്തേയും പുതിയ ഭൂമിയേയും കുറിച്ച് ഇങ്ങനെ സാക്ഷിക്കുന്നു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും അപ്രത്യക്ഷമായി. സമുദ്രവും ഇല്ലാതായി. പിന്നീട് വിശുദ്ധ നഗരമായ നവയരുശലേം വരനെ എതിരേൽക്കാൻ അണിഞ്ഞൊരുങ്ങി വരുന്ന വധുവിനെപ്പോലെ സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്നു തന്നെ ഇറങ്ങിവരുന്നതും ഞാൻ കണ്ടു. അപ്പോൾ ഒരു മഹാശബ്ദം ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു. ഇതാ ദൈവത്തിന്റെ വാസം മനുഷ്യരോടു കൂടി ആയിരിക്കുന്നു. അവിടുന്നു അവരോടു കൂടി വസിക്കും; അവർ അവിടുത്തെ ജനമായിരിക്കും. ദൈവം അവരുടെ കണ്ണീരെല്ലാം തുടച്ചുകളയും; മരണമോ, കരച്ചിലോ, വിലാപമോ വേദനയോ ഇനി ഉണ്ടാകയില്ല. എന്തെന്നാൽ ആദ്യത്തേതെല്ലാം കഴിഞ്ഞുപോയി. ഇതാണ് പുതിയ "ആകാശവും പുതിയ ഭൂമിയും". "New Heaven & New Earth"

യെശയാ പ്രവചനം 65:17-ാം വാക്യത്തിലും ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തവ ആരും ഓർക്കയില്ല; ആരുടേയും മനസ്സിൽ വരുകയുമില്ല".

ഈ പുതിയ ആകാശവും പുതിയ ഭൂമിയുമാണ് ക്രിസ്ത്യാനിയുടെ പ്രത്യാശ. ക്രിസ്തീയ ദർശനത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ് പ്രത്യാശ. വിശ്വാസവും പ്രത്യാശയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഏതൊരു വിശ്വാസിയും വിശ്വാസസ്ഥിരത പ്രാപിക്കേണ്ടതിന് അവന്റെ പ്രത്യാശ എന്താണെന്ന് മനസ്സിലാക്കേണ്ടത് ആവശ്യമാണ്. നമ്മുടെ പ്രത്യാശ ജീവനുള്ള ദൈവവചനത്തിൽ അടിസ്ഥാനപ്പെട്ടതും മരിച്ച് ഉയിർത്ത ദൈവ പുത്രനാൽ ലഭ്യമാകുന്നതുമാണ്. തന്മൂലം അത് മരണത്തിന് മാറ്റാൻ പറ്റാത്തതും നമുക്ക് നിത്യജീവൻ നല്കാൻ കഴിവുള്ളതും ദൈവം വാഗ്ദാനം ചെയ്ത പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് പ്രദാനം ചെയ്യുവാൻ സാദ്ധ്യതയുള്ളതുമാണ്. റോമർ 8:24, 25 വാക്യങ്ങൾ ശ്രദ്ധിക്കുക. "പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. കാണുന്ന പ്രത്യാശയല്ല നാം കാണാത്തതിനായി പ്രത്യാശിക്കുന്നു, എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു".

ഏദനിൽ ദൈവത്തോട് ചേർന്ന് ദൈവസ്നേഹത്തിൽ നടന്ന മനുഷ്യന്റെ അനുസരണക്കേടിനാൽ ഭൂമി ശപിക്കപ്പെടുകയും മുള്ളും പറക്കാരയും നിറഞ്ഞ ഭൂമിയിൽ, മണ്ണാകുന്ന മനുഷ്യൻ മണ്ണിലേക്ക് ചേരും വരെ കഷ്ടപ്പെട്ട് അഹോവൃത്തി കഴിച്ച് ജീവിയ്ക്കാൻ തക്കവണ്ണം ദൈവം അവനെ ശിക്ഷിക്കുകയും ചെയ്തു. ഉല്പത്തി 3:17. ഈ പാപത്തിൽ നിന്നും മനുഷ്യകുലത്തിന്റെ രക്ഷയാണ് ക്രിസ്തുവിലൂടെ സാദ്ധ്യമാകുന്നത്. ഈ രക്ഷാകര പ്രവർത്തിയുടെ പൂർത്തീകരണമാണ് നമ്മുടെ പ്രത്യാശയിൽ ഉൾക്കൊള്ളുന്നത്. അത് ഇനിയും വരുവാനിരിക്കുന്നതാണ്. അതിന്നായിട്ടാണ് മരിച്ചുപോയവരും ജീവനോടിരിക്കുന്ന നാമും കാത്തിരിക്കുന്നത്. അതേ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കാനിരിക്കുന്ന വിശ്വാസികളുടെ പുനഃരുത്ഥാനവും ന്യായവിധിയും നിത്യജീവങ്കലേയ്ക്കുള്ള പ്രവേശനവും. 1 കൊരി. 15:29 ലും പറയുന്നതുപോലെ ദ്രവത്വമുള്ളത് അദ്രവത്വത്തേയും മർത്യമായത് മർത്യതേയും ധരിക്കാം. നന്മചെയ്യുന്നവർ ജീവനായും തിന്മചെയ്യുന്ന

വർ ന്യായവിധിക്കായും പുനഃരുത്ഥാനം ചെയ്യുമെന്നും വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 5:29 ലും കാണുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ പുതിയ ആകാശവും പുതിയ ഭൂമിയും നമുക്കും വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു.

പത്രോസ് ശ്ലീഹായുടെ രണ്ടാം ലേഖനം 3:11-13 വരെ വാക്യങ്ങളിലും കർത്താവിന്റെ രണ്ടാമത്തെ വരവിൽ പ്രപഞ്ചത്തിലൂടെ സകലതും നശിക്കും. ആകാശം അഗ്നിക്കിരയാകും. ഈ ആകാശവും ഭൂമിയും അഴിഞ്ഞു പോകും. എന്നാൽ നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടി കാത്തിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടി എങ്ങിനെ കാത്തിരിക്കണം എന്നും പത്രോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ട് - ദൈവഭക്തിയോടും വിശുദ്ധിയോടും നിരന്തരമായ പ്രാർത്ഥനയോടും കൂടെ കാത്തിരിക്കമം. ദുഃഖവും മുറവിളികളും കഷ്ടതയും ഇല്ലാത്ത പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടി നമുക്കും ദൈവഭക്തിയോടും വിശുദ്ധിയോടും പ്രാർത്ഥനയോടും കാത്തിരിക്കാം.

അതുകൊണ്ടാണ് മരിച്ചവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി നാം നോക്കിപോകുന്നത്. എന്നത് ദിവസവും നാം വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നത്.

### പുതിയ ആകാശവും പുതിയ ഭൂമിയും എന്ന ആശയത്തിന്റെ കാലിക പ്രാധാന്യം

ഇന്നു നാം വസിക്കുന്ന ഈ ഭൂമിയെ എങ്ങനെ പുതിയ ഭൂമിയാക്കാം എന്നുകൂടെ ഇതിനൊപ്പം ചിന്തിക്കുന്നത് ഉചിതമായിരിക്കും. പാഴും ശൂന്യവുമായ ഭൂമി - ദൈവം തന്റെ സാദൃരാംശത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ മറ്റെല്ലാ സൃഷ്ടികളുടെ മേലും അധിപനായി വാഴുവാൻ അനുഗ്രഹം നല്കി. ഏദനിൽ സൃഷ്ടികളെല്ലാം പരസ്പരപൂരകങ്ങളായി സന്തോഷപൂർണ്ണതയിൽ ജീവിച്ചു. പ്രകൃതിയും മനുഷ്യനും പരസ്പരം നോവിക്കാതെ ജീവിതം നയിച്ചു. ഏദനിലെ ഈ അവസ്ഥയും ഇന്ന് നമ്മൾ വസിക്കുന്ന ഭൂമിയിലെ അവസ്ഥയും തമ്മിൽ താരതമ്യം ചെയ്യാൻ പോലും സാധിക്കാത്തവണ്ണം മാറിയിരിക്കുന്നു. മനുഷ്യൻ പുരോഗതിയുടെ പടവുകൾ ഒന്നൊന്നായി ചവിട്ടിക്കയറിയപ്പോൾ ദൈവകല്പനയെ മറന്ന് ദൈവം തനിക്കുനല്കിയ അധികാരങ്ങളും അവകാശങ്ങളും ദുരുപയോഗം ചെയ്യാൻ തുടങ്ങി. മനുഷ്യൻ തന്റെ സ്വാർത്ഥതയും അത്യാഗ്രഹവും അഹങ്കാരവും നിമിത്തം പ്രകൃതിയെ ചൂഷണം ചെയ്യുവാൻ ആരംഭിച്ചപ്പോൾ പ്രകൃതിയും മനുഷ്യനെ തിരിച്ചു വേട്ടയാടുവാൻ തുടങ്ങി. ദൈവം മണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കിയ മനുഷ്യൻ തന്നെ മണ്ണും വെള്ളവും അന്തരീക്ഷവും മലിനമാക്കി. ഇതിന്റെ ഫലമായി ഭൂമിയിൽ മനുഷ്യ ജീവിതം ഇപ്പോൾ ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ആകാശത്തിന്റെയും ഭൂമിയുടെയും നിലനില്പിന് ഒരു തിരിച്ചുപോക്ക് അനിവാര്യമെന്ന് പഠനങ്ങളും ഗവേഷണങ്ങളും തെളിയിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ ആകാശത്തേയും ഭൂമിയേയും മാലിന്യമുക്തമാക്കി പുതിയൊരാകാശവും പുതിയ ഭൂമിയും സൃഷ്ടിക്കേണ്ട കടമ നാം ഓരോരുത്തർക്കുമുണ്ട്. മനുഷ്യൻ ദൈവസ്നേഹം തിരിച്ചറിയുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നെങ്കിൽ ദൈവരാജ്യത്തിന്റെ അനുഭവം ഭൂമിയിലും സംജാതമാകും. സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവരാജ്യത്തിൽ വിശ്വാസികളുടെ പരസ്പര ബന്ധങ്ങളും പ്രകൃതിയെ പറ്റിയുള്ള അവരുടെ കാഴ്ചപ്പാടും ദൈവാത്മ പ്രേരിതമായിരിക്കും. മനുഷ്യനെ സമ്പൂർണ്ണനാക്കുവാൻ ദൈവത്തിനുമാത്രമേ കഴിയൂ. അതുകൊണ്ട് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ഈ ലോകത്തിലെ ജീവിതത്തിലും ഒരു പുതിയ ആകാശത്തിനും പുതിയഭൂമിയ്ക്കും വേണ്ടി കാത്തിരിക്കാം. അതിനു വേണ്ടി നമുക്കും അദ്ധ്വാനിക്കാം.


*Reference*

1. പ്രകാശത്തിലേക്ക് - Rev. Fr. T.J. Joshua
2. ഞങ്ങൾ വിശ്വസിക്കുന്നു - Fr. M.V. George (HG Geevarghse Mar Osthathios)
3. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം - Fr. Dr. V.P. Varghese


❐

# അനുതാപം ഓർത്തഡോക്സ് വീക്ഷണത്തിൽ ~ 1

ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത

ഇപ്പോൾ ധാരാളം പ്രസംഗയോഗങ്ങളും ധ്യാനയോഗങ്ങളും കൃപാവരശുശ്രൂഷകളും രോഗശാന്തിശുശ്രൂഷകളും ഉള്ള കാലമാണ്. റോഡിന്റെ ഇരുവശങ്ങളിലും ആളുകൾ കൂടുന്ന കോണുകളിലുമൊക്കെ ഇങ്ങനെയുള്ള യോഗങ്ങളുടെ പരസ്യങ്ങൾ ധാരാളമായി കാണുവാൻ കഴിയുന്നുണ്ട്. ഉണർവ്വ് യോഗങ്ങളും ആന്തരികധ്യാനങ്ങളുമൊക്കെ സഭയുടെ ചരിത്രത്തിൽ മറ്റു കാലങ്ങളിലെങ്ങും ഇല്ലാത്ത രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. ദൈവവചനപ്രഘോഷണങ്ങളുടെ കുറവ് ഇന്ന് വലുതായി അനുഭവപ്പെടുന്നില്ല. സഭയുടെ പഴയകാലചരിത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യൻ പ്രസംഗത്തിനും അതുപോലെയുള്ള യോഗങ്ങൾക്കുമൊക്കെ വേണ്ടി ധാരാളം സമയവും ഉപയോഗിക്കുന്നുണ്ട്. ഇതൊക്കെയുണ്ടെങ്കിലും സഭയുടെ പൂർവ്വികരിൽ നിന്ന് വിഭിന്നമായി അനുതാപത്തിനും മാനസാന്തരത്തിനും ജീവിതത്തിൽ വലിയ സ്ഥാനമില്ലാതെ മനുഷ്യൻ ജീവിക്കുന്നു. പണ്ട് പ്രസംഗം കുറവായിരുന്നെങ്കിലും ജീവിതം ഉണ്ടായിരുന്നു. ഇന്ന് പ്രസംഗം കൂടുതലാണ്. ജീവിതം വളരെ കുറവുമാണ്.

**മാനസാന്തരം ദൈവരാജ്യപ്രവേശനത്തിന്**

ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിനും നിത്യജീവന്റെ അനുഭവത്തിനും മാനസാന്തരം ആവശ്യമാണ്. അതുകൊണ്ടാണ് വേദപുസ്തകത്തിലെ പ്രസംഗങ്ങളും ആഹ്വാനങ്ങളുമൊക്കെ മാനസാന്തരത്തിലേക്ക് വിരൽ ചൂണ്ടുന്നത്. പ്രവാചകശബ്ദം മുഴുവനും ജനം ദൈവത്തിങ്കലേക്ക് തിരിയുവാനുള്ള ആഹ്വാനമായിരുന്നു. യോഹന്നാൻ സ്നാപകന്റെ പ്രസംഗത്തിലെ പ്രധാനവിഷയം മാനസാന്തരം ആയിരുന്നു. (മത്താ. 32) കർത്താവ് തന്റെ പ്രസംഗം ആരംഭിച്ചതും മാനസാന്തരത്തിന്റെ ആഹ്വാനത്തോടുകൂടിയായിരുന്നു. (മത്താ. 4 :17) സുവിശേഷങ്ങളിലെയും ലേഖനങ്ങളിലെയും ഒക്കെ പ്രധാന ഊന്നൽ മനുഷ്യൻ ദൈവത്തിങ്കലേക്ക് തിരിയുക എന്നതിനെ സംബന്ധിച്ചുള്ളതാണ്. അനുതാപമില്ലാതെ പുതുജീവനോ, രക്ഷയോ സ്വർഗരാജ്യത്തിലേക്കുള്ള പ്രവേശനമോ ഇല്ല.

**അനുതാപം ചില വിശുദ്ധരുടെ അനുഭവങ്ങൾ**

സഭാ പിതാക്കൻമാരും ശുദ്ധിമതികളുമൊക്കെ തങ്ങളുടെ ജീവിതത്തിൽ അനുതാപത്തിന് വലിയ സ്ഥാനം നൽകിയിരുന്നു. ഈജിപ്തിലെ മരുഭൂമിയിൽ ജീവിച്ചിരുന്ന അബ്ബാമെലേസ്യസിനോട് താൻ എന്തിനാണ് മരുഭൂമിയിൽ ജീവിക്കുന്നത് എന്ന് ആരോ ചോദിച്ചപ്പോൾ ഞാൻ ഇവിടെ വന്നിരിക്കുന്നത് അനുതപിക്കുവാനാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

അനുതാപം ജീവിതത്തിലെ ഏതെങ്കിലും ഒരു പ്രത്യേകസമയത്തു മാത്രം സംഭവിക്കുന്ന ഒരു പ്രക്രിയയായി സഭ പഠിപ്പിക്കുന്നില്ല. അടുത്തകാലത്ത് മുളച്ചുവളരുന്ന ചില ക്രിസ്തീയ കൂട്ടായ്മകൾ അനുതാപത്തെ ആ രീതിയിൽ ആണ് കാണുന്നത്. പൗരസ്ത്യ സഭയുടെ ചിന്തയിൽ മനുഷ്യജീവിതത്തിന്റെ ഓരോ നിമിഷവും അനുതാപത്തിന് പ്രാധാന്യം നൽകുകയും അന്ത്യശ്വാസം വരെ അത് തുടരുകയും ചെയ്യേണ്ടതാണ്. മരണക്കിടക്കയിലായിരുന്ന അബ്ബാ സിസയോസിനോട് തന്റെ കിടക്കയ്ക്കു നാലുവശമായി നിന്നിരുന്ന ശിഷ്യസമൂഹം അദ്ദേഹം ആരോടോ സംഭാഷിക്കുന്നതായി കണ്ടപ്പോൾ അങ്ങ് ആരോടാണ് സംസാരിക്കുന്നത് എന്ന് ചോദിച്ചു. അദ്ദേഹം അതിന് മറുപടിയായി സ്വർഗത്തിൽ നിന്നും മാലാഖമാർ തന്നെ കൂട്ടിക്കൊണ്ടുപോകുവാൻ വന്നുവെന്നും താൻ അവരോട് അനുതപിക്കുവാൻ അല്പം സമയം കൂടി നൽകേണമെ എന്ന് അപേക്ഷിക്കുകയായിരുന്നുവെന്നു പറഞ്ഞു. അങ്ങേയ്ക്കിനിയും അനുത

പിക്കുവാൻ ഒന്നുമില്ലല്ലോ എന്ന ശിഷ്യരുടെ ചോദ്യത്തിന് ഞാൻ ഇതുവരെ അനുതപിക്കുവാൻ ആരംഭിച്ചുവോ എന്നു ഞാൻ സംശയിക്കുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

സ്കേത്തിസിലെ അബ്ബാ എശയ്യാസിന്റെ വാക്കുകളിൽ നമ്മുടെ അവസാന ശ്വാസം വരെ നാം അനുതപിക്കുന്നവർ ആയിരിക്കണം എന്നാഹ്വാനം ചെയ്യുന്നു. അദ്ദേഹത്തിന്റെ ചിന്തയിൽ അനുതാപമില്ലാത്ത ആളിന് രക്ഷപ്രാപിക്കുവാൻ കഴിയുകയില്ല.

യേശുവേ ദാവീദു പുത്രാ മഹാപാപിയായ എന്നോട് കരുണ ചെയ്യേണമെ എന്നു യേശു പ്രാർത്ഥന സഭാപിതാക്കന്മാർ പലതും അനുതാപ സൂചകമായി ആവർത്തിച്ചു ചൊല്ലുമായിരുന്നു. അത് പിൻതുടരുന്ന വിശ്വാസികൾ ധാരാളമായി ഇന്നും സഭയിലുണ്ട് എന്നുള്ളത് സന്തോഷം നൽകുന്ന വസ്തുതയാണ്.

യേശുവിന്റെ മറുരൂപമലയിലെ രൂപാന്തരം മരണത്തിൽ നിന്നുമുള്ള തന്റെ ഉയർപ്പ്, ദൈവരാജ്യത്തിലെ സന്തോഷാവസ്ഥ, ആരാധനയുടെ മഹത്വം, ഇങ്ങനെ പല നല്ല കാര്യങ്ങളും സഭ ഊന്നിപ്പറയുമ്പോൾ ഉയർപ്പിനും രൂപാന്തീകരണത്തിനും ക്രൂശാരോഹണവും കഷ്ടതയുമൊക്കെ ബന്ധമുണ്ടെന്നുള്ള കാര്യം വിസ്മരിക്കുവാൻ സഭ അനുവദിക്കാറില്ല. ക്രൂശിലൂടെ സന്തോഷം ലോകത്തിനു ലഭിച്ചു എന്ന ചരിത്രപരമായ സത്യം ആകമാനരൂപാന്തരീകരണം സാദ്ധ്യമാകുന്നത് ഉപവാസത്തിലൂടെയും സ്വയത്യാഗത്തിലൂടെയും ആണെന്ന് മനസ്സിലാക്കിത്തരുന്നു.

അനുതാപം നിരാശയെ ത്യജിക്കുന്നതും പ്രത്യാശ ഉളവാക്കുന്നതുമാകണം. മനുഷ്യൻ ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നവനും സൃഷ്ടിയുടെ മകുടവുമാണെന്ന് ഉറപ്പിക്കുവാനുള്ള അവസരമാണിത്. തെറ്റുകളെ ഓർത്ത് കരയുക എന്നതിലുപരി ഉയരങ്ങളിലേക്കു നോക്കി ദൈവസ്നേഹം അനുഭവിക്കുവാൻ അനുതാപം കൊണ്ട് സാധ്യമാകണം.

**അനുതാപം ജീവിതത്തിലെ നിരന്തരപ്രക്രിയ**

നീ മാനസാന്തരപ്പെട്ടോ, രക്ഷിക്കപ്പെട്ടോ, അനുതപിച്ചുവോ എന്നൊക്കെ ചിലപ്പോഴെങ്കിലും ചില വേദവിപരീതികൾ നമ്മളോടു ചോദിക്കാറുണ്ട്. മാനസാന്തരവും അനുതാപവും രക്ഷിക്കപ്പെടലും ദൈവകൃപയിലാണ് നടക്കുന്നതെന്നും ഇത് ഏതെങ്കിലും ഒരു നിമിഷം മാത്രം നടക്കുന്ന ഒന്നല്ലെന്നും ഈ കൂട്ടർ മറന്നുപോകുന്നു. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ലഭിക്കുന്ന അനുതാപത്തിന്റെ സമയങ്ങൾ അപൂർണമാണെന്ന് മനസ്സിലാക്കണം. മാനസാന്തരപ്പെടുന്നതും അനുതപിക്കുന്നതും ദൈവത്തിങ്കലേക്ക് തിരിയുന്നതുമൊക്കെ മരണസമയം വരെയും ഉണ്ടാകണം.

*(തുടരും...)*

❐



പിറവം എം.കെ. എം. സണ്ടേസ്കൂൾ തല്ലിത്തകർത്ത് മോഷണം നടത്തിയവരെ അറസ്റ്റു ചെയ്തു, സണ്ടേ സ്കൂൾ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ പിറവം പോലീസ് സ്റ്റേഷൻ മാർച്ച്

# വാർത്തകൾ

## ഒന്നാം കാതോലിക്കയുടെ ഓർമ്മപ്പെരുന്നാൾ

മലങ്കരയുടെ ഒന്നാം കാതോലിക്ക പ. ബസ്സേലിയോസ് പൗലോസ് പ്രഥമൻ ബാവയുടെ 99-ാം ഓർമ്മപ്പെരുന്നാൾ പാമ്പാക്കുട ചെറിയ പള്ളിയിൽ മെയ് 2, 3 തീയതികളിൽ ഭക്ത്യാദരപൂർവ്വം കൊണ്ടാടി. ഏപ്രിൽ 29 ഞായറാഴ്ച വികാരി. റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ കൊടി ഉയർത്തി. മെയ് 2-ാം തീയതി വൈകിട്ട് കോലഞ്ചേരി, നീറാംമുകൾ തുടങ്ങി ഭദ്രാസനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള നൂറുകണക്കിന് വിശ്വാസികളുടെ തീർത്ഥയാത്രയെ നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി. ജോഷ്വ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ സ്വീകരിച്ച് കബറിങ്കലേക്ക് ആനയിച്ചു. സന്ധ്യാ നമസ്കാരത്തോടനുബന്ധിച്ച് വൈദിക സെമിനാരി പ്രിൻസിപ്പാൾ റവ. ഫാ. ഡോ. ജേക്കബ് കുര്യൻ അനുസ്മരണ പ്രഭാഷണം നടത്തി. മെയ് 3-ാം തീയതി പ. ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവയുടെ മുഖ്യകാർമ്മികത്വത്തിലും അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹനോൻ മാർ പോളിക്കാർപ്പോസ്, അഭി. ജോഷ്വ മാർ നിക്കോദിമോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും വി.മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് കബറിങ്കൽ ധൂപ പ്രാർത്ഥനയും നടത്തി. ബ. വൈദികർ, കന്യാസ്ത്രീകൾ, അനേകം വിശ്വാസികൾ പങ്കെടുത്ത ചടങ്ങിൽ നേർച്ചസദ്യ ഉണ്ടായിരുന്നു.

## പിറവം വലിയപള്ളി കത്തീഡ്രലായി

2012 ഫെബ്രുവരിയിൽ നടന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയോടെ പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി, മലങ്കര മെത്രാപ്പോലീത്തയും കിഴക്കന്റെ കാതോലിക്കയുമായ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവ കത്തീഡ്രലായി ഉയർത്തി. അതിന്റെ ഭാഗമായി 2012 മെയ് 12-ാം തീയതി പിറവം വലിയപള്ളി അങ്കണത്തിൽ നടന്ന വിശുദ്ധ ഏഴിന്മേൽ കുർബ്ബാനയ്ക്ക് പ. കാതോലിക്കാ ബാവ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് പ. ബാവയ്ക്ക് നല്കിയ സ്വീകരണ സമ്മേളനത്തിലും അനേകം വൈദികരും വിശ്വാസികളും പങ്കെടുത്തു. വിശുദ്ധ കുർബ്ബാനയിലും സമ്മേളനത്തിലും തുമ്പമൺ ഭദ്രാസനാധിപൻ അഭി. കുര്യാക്കോസ് മാർ ക്ലീമീസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ്, കൊൽക്കോത്ത ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളിക്കർപ്പോസ്, അടൂർ ഭദ്രാസനാധിപൻ ഡോ. സഖറിയ മാർ അപ്രേം, ഓർത്തഡോക്സ് സഭാ വൈദിക ട്രസ്റ്റ് റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ബ. ഗീവർഗീസ് റമ്പാൻ, അത്മായ ട്രസ്റ്റി ശ്രീ. ജോർജ്ജ് മുത്തൂറ്റ്, അസ്സോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, വെരി. റവ. ചെറിയാൻ കോറെപ്പിസ്ക്കോപ്പ, പിഷാരുകോവിൽ ക്ഷേത്രം മാനേജർ ശ്രീ. നാരായണൻ ഉണ്ണി എന്നിവർ സംസാരിച്ചു. നേരത്തേ പിറവം കുരിശുപള്ളി ജംഗ്ഷനിൽ പരിശുദ്ധ ബാവയ്ക്കും, മറ്റു മെത്രാപ്പോലീത്താമാർക്കും സ്വീകരണം നല്കി, അവരെ കത്തിച്ച മെഴുകുതിരികളുമായി പ്രാർത്ഥനാപൂർവ്വം സമ്മേളനവേദിയിലേക്ക് ആനയിച്ചു.

## പിറവം എം.കെ.എം. സണ്ടേസ്കൂൾ ആഫീസ് നശിപ്പിച്ചു.

1921 മുതൽ പിറവം എം.കെ.എം. സ്കൂളിൽ പ്രവർത്തിച്ചുവരുന്ന പിറവം ഓർത്തഡോക്സ് സണ്ടേസ്കൂൾ ചില സാമൂഹ്യവിരുദ്ധരാൽ നശിപ്പിക്കപ്പെട്ടു. 1978 മുതൽ മദ്ധ്യവേനലവധിക്കാലത്ത് നടത്തിവരുന്ന ഒ.വി.ബി.എസ്. നടത്തിക്കൊണ്ടിരിക്കെ 15-04-2012 ലാണ് ഈ അതിക്രമം നടന്നത്. സണ്ടേസ്കൂൾ ആഫിസിൽ അതിക്രമിച്ച് കയറിയ യാക്കോബായ വിഭാഗത്തിലെ സാമൂഹ്യവിരുദ്ധർ മുറിയിൽ സൂക്ഷിച്ചിരുന്ന സ്റ്റീൽ അലമാരയും റിക്കാർഡുകളും, പുസ്തകങ്ങളും കുട്ടികൾക്ക് ഭക്ഷണം നല്കുന്നതിന് സൂക്ഷിച്ചിരുന്ന പാത്രങ്ങളും അടക്കമുള്ള വസ്തുക്കൾ അപഹരിക്കുകയും സണ്ടേസ്കൂളിലേക്ക് പ്രവേശിക്കുന്ന വാതിൽ മറ്റൊരു താഴിട്ട് പൂട്ടുകയും ചെയ്തു. ഇതിനെതിരായി പോലീസിൻ പരാതിപ്പെട്ടെങ്കിലും ഫലപ്രദമായ യാതൊരു നടപടിയും നാളിതുവരെ ഉണ്ടായില്ല.

## പോലീസ് സ്റ്റേഷൻ മാർച്ച്

കഴിഞ്ഞ 91 വർഷമായി പ്രവർത്തിച്ചുവരുന്ന പിറവം എം.കെ.എം. സണ്ടേസ്കൂൾ തല്ലിത്തകർത്ത് മോഷണം നടത്തിയവരെ അറസ്റ്റു ചെയ്തു, സണ്ടേസ്കൂൾ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പിറവം പോലീസ് സ്റ്റേഷനിലേക്ക് അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ ചേർന്നു മാർച്ച് നടത്തി. മാർച്ചിനു സണ്ടേസ്കൂൾ ഡയറക്ടർ ഫാ. ടി.പി. കുര്യൻ, ഫാ. മാത്യു വാതക്കാട്ടിൽ, സെക്രട്ടറി ജോൺ പാറപ്പുറത്ത്, ഇൻസ്പെക്ടർ വി.പി. വർഗീസ്, ഹെഡ്മാസ്റ്റർ എം. കുര്യാക്കോസ്, പി. തോമസ്, എന്നിവർ നേതൃത്വം നല്കി. ധർണ്ണ സഭാ വൈദിക ട്രസ്റ്റി ഫാ. ജോൺസ് എബ്രഹാം കോനാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു.



പിറവം സെന്റ് മേരീസ്
ഓർത്തഡോക്സ്
വലിയപള്ളി
വി. ഏഴിന്മേൽ കുർബാനയും
കത്തീഡ്രൽ പ്രഖ്യാപനവും.
2012 മെയ് 12

# പ. മുറിമറ്റത്തിൽ ബാവയുടെ ഓർമ്മപ്പെരുന്നാൾ



The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published by Rev. Fr. Dr. O.P. Varghese, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery